SREEKRISHNA COLLEGE GURUVAYUR



# ഗീതായനം

അകാലത്തിൽ വിട്ടുപിരിഞ്ഞ പ്രിയ അദ്ധ്യാപികയെക്കുറിച്ച്
സഹപ്രവർത്തകരുടെയും വിദ്യാർത്ഥികളുടെയും ഓർമ്മക്കുറിപ്പുകൾ





**എഡിറ്റോറിയൽ അംഗങ്ങൾ**

ഡോ. വിജോയ് പി.എസ്.
ഡോ. രാജേഷ് കെ.ആർ.
ഡോ. നിഷാന്ത് ടി.
ഡോ. വിഷ്ണു ആർ.
ഡോ. മനു കെ.എം.
ഡോ. ദർശന എം.വി.
ഡോ. പദ്മനാഭൻ ബാലസുബ്രഹ്മണ്യൻ
ഡോ. ദേവനാരായണൻ
അഭിലാഷ് പി.
മഹേഷ് കെ.
ആര്യ മോഹൻദാസ്

**ശ്രീകൃഷ്ണ കോളേജ് ഗുരുവായൂർ**
**ഫിസിക്സ് ഡിപ്പാർട്മെന്റ്**
**പ്രസിദ്ധീകരണം**



2010 ഡിസംബറിൽ ആണെന്ന് തോന്നുന്നു ഗീതയെ ആദ്യമായി പരിചയപ്പെടുന്നത്. ഏറെ കാലത്തെ കാത്തിരിപ്പിന് ശേഷമാണ് ശ്രീകൃഷ്ണ കോളേജിൽ ഒന്നിച്ച് കുറേ അധ്യാപകരുടെ നിയമനം നടന്നത്. ഇവരിൽ 14 പേരെയും ഒന്നിച്ച് കാണാനും പരിചയപ്പെടാനുമുള്ള അവസരം അധ്യാപകസംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായാണ് കൈവന്നത്. അത് ഏറ്റവും സന്തോഷപ്രദവും സംതൃപ്തിദായകവുമായ അനുഭവമാകാൻ കാരണം ഇവരെല്ലാവരും മികവിന്റെ നിറവിൽ അധ്യാപക പദവി നേടിയെടുത്തവരാണ് എന്നതാണ്. പതിനാല് ഇതളുകളുള്ള ഒരു മനോഹരമായ പുഷ്പം പോലെയായിരുന്നു അവർ അന്നത്തെ യോഗത്തിൽ തുടങ്ങിയ അവരോരോരുത്തരുമായുള്ള സൗഹൃദം ഇപ്പോഴും തുടരുന്നു.

അതിലൊരിതൾ കഴിഞ്ഞ നവംബറിൽ കൊഴിഞ്ഞു പോയതിന്റെ വേദന മറ്റുള്ളവരെ പോലെ ഗീതയെ അറിയുന്ന എല്ലാവരിലും ദുഃഖം പടർത്തുന്നു. കോളേജിൽ ചേർന്ന് അധികം  താമസിയാതെ അക്കാദമിക താല്പര്യങ്ങൾ കൊണ്ട് തന്നെ ഗീത എ.കെ.പി.സി.ടി.എ.യുടെ ജില്ലാ അക്കാദമിക് കമ്മിറ്റിയിലും സജീവമായി ജോലി കഴിഞ്ഞ് വീട്ടിലെത്തിയ ശേഷം. തന്റെ കുട്ടികളോടൊപ്പം അക്കാദമിക കമ്മിറ്റി യോഗത്തിന് ശ്രീ കേരളവർമ്മയിൽ കൃത്യമായി എത്തിച്ചേരാറുള്ള ഗീതയുടെ മുഖം ഇപ്പോഴും എന്റെ മനസ്സിൽ തെളിയുന്നുണ്ട്. കൂടെ ജോലി ചെയ്യുന്നവർക്ക് പ്രിയങ്കരിയായ സഹപ്രവർത്തക, വിദ്യാർത്ഥികൾക്ക് ഏറ്റവും വാത്സല്യനിധിയായവഴികാട്ടി. സംഘടനാ പ്രവർത്തനത്തിൽ മാതൃകാപരമായ അച്ചടക്കവും ചിട്ടയും പാലിക്കുന്ന പ്രവർത്തക, ഇതെല്ലാമായിരുന്നു ഗീത. മുതിർന്ന അദ്ധ്യാപികമാരെ സംബന്ധിച്ചിടത്തോളം പുത്രീസഹവുമായ വാത്സല്യം ആവോളം നുകർന്നെടുത്തവൾ.

ഗുരുവായൂർ ദേവസ്വത്തിന്റെ ചുമതലയേറ്റ് ശ്രീകൃഷ്ണ കോളേജിൽ എത്തിയപ്പോൾ കാണുന്നത് നാക്കിന്റെ ചുമതലക്കാരി ആയി. ചിട്ടയായി കൂടെയുള്ളവരെ എല്ലാം ചേർത്തുപിടിച്ച് സ്വന്തം കലാലയത്തിന്റെ ഉയർന്ന റാങ്കിനുവേണ്ടി പ്രവർത്തിക്കുന്ന നേതൃത്വ പാടവം. ഒരിക്കൽ കൂടി അക്രഡിറ്റേഷന്റെ പടിവാതിക്കൽ നിൽക്കുമ്പോൾ സ്വപ്നം സഫലമാക്കാൻ ദീപ്തമായ ഓർമ്മകളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് നമുക്ക് മുന്നോട്ട് കുതിക്കാം.

സ്നേഹാഭിവാദ്യങ്ങളോടെ

**ഡോ. വി.കെ. വിജയൻ**
ചെയർമാൻ, ഗുരുവായൂർ ദേവസ്വം

# ഓർമ്മക്കുറിപ്പ്

ഒരു സ്ഥിരജോലി തേടിയുള്ള എന്റെ പല യാത്രകളിലും, വളരെ ഗൗരവത്തോടെ എല്ലാത്തിനെയും സമീപിച്ചിരുന്ന ഒരു മിടുക്കിയെ കണ്ടുമുട്ടാറുണ്ടായിരുന്നു. അവരെപ്പറ്റി മറ്റു ജോലി അന്വേഷികളുടെ അടക്കം പറച്ചലിൽ നിന്നും എന്നെ ഭയപ്പെടുത്തുന്ന ചില അറിവുകളും എന്റെ മനസിനെ അലോസരപ്പെടുത്താറുണ്ടായിരുന്നു. അവർക്ക് പിജിക്ക് റാങ്ക് ഉണ്ട്, പ്രിഡിഗ്രിക്ക് റാങ്ക് ഉണ്ട്, പിഎച്ച്ഡി നേടിയിട്ടുണ്ട്, ധാരാളം പേപ്പറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്, ഇങ്ങനെ നീളുന്ന ആ അടക്കം പറച്ചിലുകൾ. അതുകൊണ്ട് തന്നെ ഞാൻ ഇന്റർവ്യൂവിന് ചെല്ലുമ്പോൾ എന്റെ കണ്ണുകൾ വളരെ ഭയപ്പാടോടെ ആ മിടുക്കിയെ തിരയാറുണ്ടായിരുന്നു. സ്ഥിരജോലിയെന്ന എന്റെ സ്വപ്നം അസ്തമിക്കാറായിരിക്കുന്ന സമയം. അപ്പോഴാണ് രണ്ട് വേക്കൻസിയുള്ള ഒരു പ്രശസ്ത കോളേജിൽ ഇന്റർവ്യൂവിന് ചെല്ലുന്നത്. അവിടത്തെ ഉദ്യോഗാർത്ഥികളുടെ കൂട്ടത്തിൽ, ആകെ ഉണ്ടായിരുന്നത് രണ്ട് പി.എച്ച്.ഡി.ക്കാർ മാത്രം. ഈ കാര്യം മനസിലാക്കിയ എന്റെ മനസ് ഒന്ന് സമാധാനപ്പെട്ടു. കാരണം ഒരു പോസ്റ്റ് ആ മിടുക്കിക്ക് തീർച്ചയായും കിട്ടും, മാറ്റൊന്ന് പിന്നെയുള്ള ഏക പിഎച്ച് ഡിക്കാരനായ എനിക്കും കിട്ടും. പക്ഷെ ഇന്റർവ്യൂ തുടങ്ങുന്നതിന് മുൻപ് വന്ന അറിയിപ്പ്, മനസിൽ കോളിളക്കം സൃഷ്ടിച്ചു. രണ്ട് ഒഴിവുകൾ ഉണ്ട്, അതിൽ ഒന്ന് ഓപ്പൺ കാറ്റഗറി, മറ്റൊന്ന് കമ്മ്യൂണിറ്റി. അതറിഞ്ഞ നിമിഷം തന്നെ ഇന്റർവ്യൂവിന് കയറും മുൻപേ തന്നെ എന്റെ ആ പ്രതീക്ഷയും അസ്തമിച്ചു. പക്ഷെ, പിന്നീട് അറിയാൻ കഴിഞ്ഞു അന്ന് അവിടെ കയറിയവർ പി.എച്ച്.ഡി. ഇല്ലാത്തവർ ആയിരുന്നു എന്ന്. അപ്പോഴാണ് ധാരാളം റാങ്കുകൾ കരസ്ഥമാക്കിയ അവരോടുള്ള ഭയം മനസ്സിൽ നിന്നും മാറി പകരം സഹതാപമായി.

അതിനുശേഷമാണ് ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ നാല് ഒഴിവുകൾക്കായി, ഇന്റർവ്യൂവിന് പങ്കെടുക്കുന്നത്. അവസാനം ഗൂരുവായൂരപ്പൻ ഗീതയോട് നീതി പുലർത്തി. ആ ഇന്റർവ്യൂവിൽ ആണ് ഗീത (അപ്പോഴാണ് ആ മിടുക്കിയുടെ പേര് ഗീത എന്നാണ് എന്ന് ഞാൻ അറിയുന്നത്) ഒന്നാമതും, ഞാൻ രണ്ടാമതുമായി തിരഞ്ഞെടുക്കപ്പെടുന്നത്. 04-08-2010 ലും 06-08-2010 ലുമായാണ് ശ്രീകൃഷ്ണ കോളേജിൽ ഫിസിക്സ് ഡിപാർട്ട്മെന്റിൽ ഞങ്ങൾ ചേരുന്നത്. ആദ്യകാലഘട്ടങ്ങളിൽ രാജഗോപാലൻ സാർ, ഇന്ദിര ടീച്ചർ, വിജയൻ മാഷ്, ലൗലി ടീച്ചർ, ജലജ ടീച്ചർ എന്നീ പേരുകേട്ട അദ്ധ്യാപകരുടെ സംരക്ഷണയിൽ ഗീത ഫിസിക്സ് ഡിപാർട്ട്മെന്റിനെ ഉന്നതിയിലേക്ക് നയിക്കാനായി പാകപ്പെടുകയായിരുന്നു. ഗീത ടീച്ചർ ഫിസിക്സ് വകുപ്പിന്റെ അദ്ധ്യക്ഷയായി ജോലി ചെയ്തിരുന്ന കാലം, വ്യത്യസ്ത സമീപനം ഉള്ളവരായ സഹപ്രവർത്തകരെ ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകുക എന്ന ശ്രമകരമായ ദൗത്യം നല്ല രീതിയിൽ നിറവേറ്റാൻ ശ്രമിച്ചിരുന്നു. കുട്ടികൾക്ക് ക്ലാസ്സ് എടുക്കുക എന്ന ഏതൊരു അദ്ധ്യാപകരുടെയും പ്രാഥമിക ദൗത്യം ടീച്ചർ മനോഹരമായി നിറവേറ്റിയിരുന്നു എന്ന് ടീച്ചറുടെ കുട്ടികൾ ഇന്നും സാക്ഷ്യപ്പെടുത്തുന്നുണ്ട്.

കോളേജിന്റെ ഐ.ക്യു.എ.സി. കോ-ഓർഡിനേറ്റർ ആയുള്ള ടീച്ചറുടെ പ്രവർത്തനം വളരെയധികം പ്രശംസനീയമായിരുന്നു. ചെയ്യുന്ന ഏതൊരു കാര്യവും വളരെ അച്ചടക്കത്തോടെയും, പൂർണ്ണതയോടെയും കൂടിയാണ് ടീച്ചർ ചെയ്തിരുന്നത് എന്ന് കാണാൻ കഴിയും. വിദ്യാർത്ഥികൾക്ക്



കൊടുക്കേണ്ട സ്നേഹവും, കരുതലും, ശകാരവും, തലോടലും നൽകാൻ ടീച്ചർ ഒരിക്കലും പിശുക്ക് കാട്ടാറുണ്ടായിരുന്നില്ല. സഹപ്രവർത്തകർക്ക് കൊടുക്കേണ്ട ബഹുമാനവും സ്നേഹവും കൃത്യമായ അളവിൽ നൽകാനും ടീച്ചർ മിടുക്ക് കാട്ടിയിരുന്നു. ഒരു പക്ഷെ ഈ കോളേജിനെ തന്നെ മുന്നോട്ട് നയിക്കേണ്ട ഒരു ഉത്തമയായ അദ്ധ്യാപികയായിരുന്നു ഡോ. ഗീതയെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. അകന്ന് പോയെങ്കിലും ഗീതയെന്ന സഹപ്രവർത്തകയുടെ വിരൽ അടയാളങ്ങൾ ശ്രീകൃഷ്ണയുടെ ആത്മാവിൽ രേഖപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്.

ടീച്ചറുടെ ശൂന്യതയിൽ ഒരു കാര്യം മനസിനെ വീണ്ടും വീണ്ടും അത്ഭുതപ്പെടുത്തുന്നു. ഒരു വ്യക്തിയുടെ വാക്കുകളേക്കാളും ശക്തി ആ വ്യക്തിയുടെ പ്രവർത്തികൾക്കാണ് എന്ന് ടീച്ചറുടെ അടയാളപ്പെടുത്തലുകൾ ഒരിക്കലും മായുന്നില്ല, കാരണം അവ രേഖപ്പെടുത്തിയിരിക്കുന്നത് ടീച്ചറുടെ കുട്ടികളുടെ ആത്മാവിലാണ്, സഹപ്രവർത്തകരുടെ ആത്മാവിലാണ്.

ഓർമ്മകൾക്ക് മുൻപിൽ പ്രണാമം

**ഡോ. വിജോയ് പി.എസ്.**
പ്രിൻസിപ്പാൾ ഇൻ ചാർജ്
ശ്രീകൃഷ്ണ കോളേജ്



Geetha was born on 28/10/1975 at her mother's residence "Prema Vilas", R K Iyer Road, Irinjalakuda in Thrissur ditsrict. Her father and mother both belong to respectable families of Irinjalakuda. Her father Late K. Gopinathan worked at Fertilizers and Chemicals Travancore Ltd, Cochin Division, Ambalamedu. Her mother Jayashree. K is a home maker. Her elder brother Sreekumar. K is now working as State Tax Officer, in State GST department.

She had her first 2 years of childhood days at a rented house "Saralalayam" at Choorakkad, Tripunithura (1975 to 1977). In 1978 her father shifted with family to FACT(CD) staff quarters situated in the scenic township at Ambalamedu. She lived in the township till her father got retired from service in 1997. She completed her schooling at Ambalamedu High School which was inside the FACT (CD) township. From her LKG itself she proved to be an exceptionally brilliant and studious kid. She topped among all divisions of her school continuously for 9 years from standard 2 to standard 10. Her competitor school friends used to comment her mother that they are fighting among themselves only for the second position. During her school days she got awarded in various competitive exams, quiz competitions, Talent search contests conducted by Kerala Private School Examination Board, Cetnral Institute of General Knowledge Learning, Eureka magazine etc. She was also active in literary and cultural competitions in school level and proved her merit. She qualified Kerala LSS scholarship for the period 1985-86 to 1987-88 and Kerala USS scholarship for the period 1988-89 to 1990-91. She also qualified the Pradhamik, Madhyamik and Saral certificates in Hindi language proficiency during the school period.

Her greatest achievement of school academics was achieving 12th rank in the State for the 10th standard SSLC exams for the year 1990-91.

Full credit goes to her studious parents also for her achievements. Her father was a BSc Degree holder in Chemitsry and mother was a topper in SSLC among the students of Irinjalakuda municipaltiy. She could not continue her studies after her first year pre-degree as she got married at that very tender age. Both stood beside Geetha for all her endeavors in studies and career as if fulfilling their own lost dreams. It is her mother who archived all her certificates, mementos and other articles of her school and college days as a token of love, care and pride on her daughter.

After schooling she completed Pre-degree (1991-93) from St. Theresas College, Ernakulam securing above 98% marks in first group subjects. After her pre-degree she herself selected to pursue studies in pure science and joined Maharajas College, Ernakulam for Bachelor's Degree in Physics (1993-96). She got her degree in 1996 with 96.2% marks. She did her Masters Degree in Physics at U.C. College, Aluva for the period (1996-98) and got 3rd rank from Mahatma Gandhi Universtiy.

She continued her studies by joining Post Graduate Diploma Course in Computer Applications at K.Karunakaran Memorial Model Polytechnic College, Kallettumkara under IHRD, Kerala. While doing the course she guided many school/college students by giving personalized tuitions. It might be this experience that made her feel that an expert teacher resides in herself. After her Diploma course in 1999 she worked as Physics teacher in Bhavans Vidya Mandir School, Irinjalakuda for a brief period. During the same period she qualified the UGC/CSIR Research fellowship and later joined the International School of Photonics department in Cochin Universtiy of Science &

Technology, Kochi as a Junior Research Fellow with CSIR fellowship. This was a turning point in her personal and academic life by entering into a completely different phase of academics of research work in cutting edge technology of fibre optics and photonic devices.

She married Adv. U K Devidas from Perinthalmanna on 28/12/2001. Her husband is a practicing lawyer at High Court of Kerala. Amidst her bsuy research work and family chores she had her first baby boy on 10/03/2003. Seeing her dedication and hardship during the pregnancy period her colleagues used to make a joke of her saying that she might deliver the baby inside the photonics laboratory. She even attended an international conference at Shanghai during her pregnancy period. The baby who visited China along with his mother, Govind Das (Kunjunni) is now a third year medical student at PK Das Institute of Medical Sciences, Ottappalam. She lost her father in 2005, who was her motivational force for her PhD Degree. Unfortunately he could not see his daughter getting awarded the degree, which was one of his greatest expectation and dream. She was awarded her Degree of Doctor of Philosophy from CUSAT on her Ph D Thesis "Design fabrication and characterization of passive and active polymer photonic devices" in the field of Photonics submitted under the guidance of her professors Dr. P Radhakrishnan and Dr. V P N Nampoori in 2007.

She has the credit of 8 research papers published as part of her Ph D program in International Journals. She also participated in many international and national conferences during the period. She was carrying her second baby during the final stages of her thesis work. On 08/02/2007, Gautam Das was born who is now a plus two student at Hari Sri Vidya Nidhi School, Thrissur. After her Ph D she continued at CUSAT as a cotnract lecturer for MSc. Photonics degree and as Research Associate, Cetnre of Excellence in Lasers and Optoeletcronic Sciences (CELOS), during the period in which she could publish research papers in renowned journals with the help of her expert professors and colleagues.

She joined the facutly team of Physics Department, Sree Krishna College, Guruvayoor as an Asst. Professor on 06/08/2010. She got settled along with family at Thrissur and was residing at Udayanagar Residence Colony at Punkunnam. She took both academic and adminitsrative responsibilities of Sree Krishna College, Guruvayur. She had shown considerable skills in teaching Python based computational Physics course, classical mechanics. She was the chairperson for Cetnralized valuation camps for BSc Physics Programme in 2021 and 2022. She was appointed as Head of the Deaprtment of Physics in 01 June 2020. During 2021 -22, she was the coordinator of Internal Qualtiy Assurance Cell (IQAC) of the college and she effectively utilized her leadership skills for coordinating NAAC related and other academic activities of the college in as ystematic and efficient manner.

**Sreekumar. K**
(Brother of DR. Geetha K)
Officer in GST Department.

ഞങ്ങളുടെ തലമുറയ്ക്കും തൊട്ടുമുതിർന്നവർക്കും ഗീതക്കുട്ടിയും ഇളംതല മുറക്കാർക്ക് ഗീതചേച്ചിയും ഗീതമ്മായിയും ഒക്കെയായി കുടുംബത്തിൽ എല്ലാവർക്കും ഏറെ പ്രിയപ്പെട്ടവൾ ആയിരുന്നു.

അകാലത്തിൽ ഞങ്ങളെവിട്ടുപോയ ഗീത വലിയൊരു കൂട്ടുകുടുംബ വ്യവസ്ഥയിൽ ഒന്നിച്ച് കളിച്ചു വളർന്ന ഞങ്ങൾക്ക് എല്ലാ സ്കൂൾ അവധികളിലും സുഖമുള്ള ഓർമ്മ കളുടെ ഒരു പൂക്കാലം തന്നെയായിരുന്നു. ഔദ്യോഗികജീവിതവുമായി ബന്ധപ്പെട്ട് അമ്പല മേട് FACT Quarters ൽ ദീർഘകാലമായി താമസിച്ചുവന്നിരുന്ന ഗോപിമ്മാനും കുടുംബവും എല്ലാ അവധിക്കാലത്തും മുടക്കം കൂടാതെ ഇരിങ്ങാലക്കുടയിലുള്ള ഞങ്ങളുടെ തറവാട്ട് വീട്ടിൽ എത്തുമായിരുന്നു. മറ്റ് സഹോദരീ സഹോദരന്മാരുടെയും, ചില അടുത്ത ബന്ധു ക്കളുടെയും കുടുംബങ്ങൾകൂടി തറവാട്ടുവീട്ടിൽ ഒത്തുകൂടുന്നതോടെ ആഘോഷതിമിർപ്പി ന്റെ നാളുകൾ തുടങ്ങുകയായി ഞങ്ങൾ കുട്ടികൾക്ക്. ശാഠ്യക്കാരും, വികൃതികളും, വഴ ക്കാളികളും ഒക്കെ അടങ്ങിയ ഞങ്ങളുടെ സംഘത്തിലെ വേറിട്ടൊരു വ്യക്തിത്വമായിരുന്നു ഗീതക്കുട്ടി. കുട്ടിക്കാലം മുതൽക്കേ തികഞ്ഞ അച്ചടക്കവും വിവേകവും പ്രസന്നമായ പെരുമാറ്റവും കൊണ്ട് എല്ലാവരുടെയും ഇഷ്ടപുത്രിയായിരുന്നു അവൾ... മൂളിപ്പറന്ന് കിണറ്റിൻകരയിലേക്ക് വന്നിരിക്കുന്നതും, ക്ഷണനേരം കൊണ്ട് പറന്നകലുന്നതുമായ വിവിധ രൂപത്തിലുള്ള വർണ്ണത്തുമ്പികളെയും ചുറ്റും പാറിനടക്കുന്ന ചിത്രശലഭങ്ങളെയും അടുത്ത് ചെന്ന് വീക്ഷിക്കാനും, അവയുടെ ചലനങ്ങൾ കണ്ട് ചിരിച്ച് ആസ്വദിക്കാനും ഗീതക്കുട്ടിക്ക് എന്നും കൗതുകമായിരുന്നു.

അന്നൊക്കെ വീട്ടിൽ പശുക്കൾ ഉള്ളകാലമാണ്. വലിയകൊമ്പുകളോട് കൂടിയ, തടിച്ചുകൊഴുത്ത്, സിന്ധി ഇനത്തിൽപെട്ട ഒരു വെള്ളപശു അന്ന് ഞങ്ങൾക്കുണ്ടായിരുന്നു. നല്ല അഴകും, ഇണക്കവുമൊക്കെയുണ്ടായിരുന്ന വെള്ളപശുവിനെ ആരും ഇഷ്ടപ്പെടും... ഗീതയ്ക്ക് ഒരു പ്രത്യേക ഇഷ്ടം വെള്ളപശുവിനോട് ഉണ്ടായിരുന്നു. Primary ക്ലാസുകളിൽ പഠിച്ചിരുന്നകാലത്ത് 'വെള്ള പസൂ' എന്ന് നീട്ടി വിളിച്ചുകൊണ്ട് അതിന്റെ അടുത്തുചെന്ന് മുഖത്തും നെറ്റിയിലും തടവി കൊടുക്കാൻ അവൾക്ക് വലിയ ഇഷ്ടമായിരുന്നു. പിന്നെ മറ്റു കുട്ടികളെ കൂടെകൂട്ടി പറമ്പിൽ ഒക്കെ നടന്ന് പലതരം ഇലകൾ (കടപ്ലാവില, മാവില, വാഴയില ചീന്തുകൾ മുതലായവ) ശേഖരിച്ച് വെള്ള പശുവിന്റെവായിൽ കൊടുത്തു തീറ്റിച്ചു കൊണ്ടേയിരിക്കും... സ്നേഹത്തോടെയും ഉത്സാഹത്തോടെയും ഓരോ ഇല കളായി പശു തിന്നു തീർക്കുന്നത് എത്ര സന്തോഷത്തോടെയാണ് അവൾ നോക്കി നിൽക്കാറുള്ളത്... ഇലകൾ തീറ്റുന്നതിനിടയിൽ വിരൽത്തുമ്പുകളാൽ പശുവിന്റെ നാവിൽ സ്പർശമേറ്റാൽ ആസ്വദിച്ച് ചിരിക്കും.

കുഴിയാനകളെയും, ഉറുമ്പുകളെയും മറ്റു സൂക്ഷ്മജീവികളെയും പിന്തുടർന്ന് അവ യുടെ ചലനങ്ങളും വാസസ്ഥലങ്ങളും നിരീക്ഷിച്ചു അവയെ കുറിച്ചുള്ള ചില സാങ്കല്പിക കഥകൾ കളിക്കൂട്ടുകാരായ കൊച്ചുസഹോദരിമാർക്ക് പറഞ്ഞു കൊടുക്കലും പതിവാണ്. കെട്ടികിടക്കുന്ന വെള്ളത്തിൽ ഉറുമ്പുകളോ പ്രാണികളോ വീണു കിടക്കുന്നത് കണ്ടാൽ, ഏതെങ്കിലും ചെടിയുടെ ചെറിയ ഇലകൾ പറിച്ചിട്ടുകൊടുത്ത് അവയെ കരപറ്റിക്കുന്ന പൊടിക്കൈകൾ എത്രയോ ആർദ്രമായ മനസ്സിന് ഉടമയായിരുന്നു അവൾ എന്നതിന്റെ നേർചിത്രമാണ്.

കണ്ണുപൊത്തിക്കളിയും, നൂറാം കോൽകളിയും അവൾക്ക് വലിയ ഇഷ്ടമായിരുന്നു. അവളോടൊപ്പം കൂടുമ്പോൾ അല്പം ശാഠ്യക്കാരും വാശിക്കാരും ഒക്കെയായ മറ്റ് കുഞ്ഞു സഹോദരിമാരും വളരെ ശാന്തനായി സന്തോഷത്തോടെ അവളുടെ കൂട്ട് ആസ്വദിക്കാറു

ണ്ടായിരുന്നു. ഒരു കുട്ടിയും അവളുമായി വഴക്കിടുന്നത് ഞങ്ങൾ ഒരിക്കലും കണ്ടിട്ടില്ല. ചില സന്ദർഭങ്ങളിൽ കൂട്ടിനാരും കളിക്കാൻ ഇല്ലെങ്കിൽ, മുറ്റത്തൊക്കെ നടന്ന്, പല വലിപ്പത്തിലും നിറങ്ങളിലും ഉള്ള വെള്ളാരം കല്ലുകളും, ഇലകളും, പൂക്കളും ഒക്കെ ശേഖരിച്ച് ഇറയത്ത് 'ചെറിയ' ചില കളങ്ങളൊക്കെ വരച്ച്, അവൾ അവളുടെതായ ലോകത്തിൽ തന്നെത്താൻ ചില നേരമ്പോക്കുകളിൽ മുഴുകും. കഥകൾ കേൾക്കാൻ ഏറെ ഇഷ്ടപ്പെട്ടിരുന്ന അവൾക്ക്, അമ്പലമേട് Quarters ൽ ഒന്നിച്ച് താമസിച്ചിരുന്ന കാലത്ത് ദിവസേന ഓരോ കഥകൾ പറഞ്ഞു കൊടുക്കുമായിരുന്നു ഉണ്ണിമാമ്മൻ അപ്പപ്പോൾ ഉണ്ടാക്കി പറയുന്ന കഥകൾ ആയിരുന്നു ഒട്ടേറെയും. മന്ത്രവാദി, വേതാളം, കുറുക്കനും മുയലും, അങ്ങനെ പലതും. കൊച്ചച്ചന്റെ കഥകളിലെ രസങ്ങൾ അടുത്തകാലത്ത് വരെ ഞങ്ങൾ ഒത്തുചേരുമ്പോൾ പറഞ്ഞു ചിരിക്കാറുണ്ടായിരുന്നു അവൾ.

ഗോപിമ്മാന്റെ കൈപിടിച്ച് ഉത്സവപ്പറമ്പിലേക്ക് നടന്നുപോകുമ്പോൾ വഴി നീളെ കാണുന്ന കളിപ്പാട്ടങ്ങളും പലഹാരക്കടകളും അവളെ ഒരിക്കലും പ്രലോഭിപ്പിച്ചിട്ടുണ്ടായിരുന്നില്ല. അവയുടെ വർണ്ണങ്ങളും പ്രദർശനഭംഗിയുമെല്ലാം ആസ്വദിക്കുകയല്ലാതെ ഒന്നിനു വേണ്ടിയും വാശിപിടിച്ചിട്ടില്ല. ഏറിയാൽ ഒരു കിലുക്കാം ബലൂൺ അല്ലെങ്കിൽ തറയിലിട്ടിരിക്കുന്ന ഒരു ഒറ്റ ചക്രവണ്ടി സന്തോഷിക്കാൻ അതൊക്കെ ധാരാളം... തിരക്കിലും ബഹളത്തിലും നിന്ന് ഒഴിഞ്ഞ്, തണലുള്ള ഇടത്തേക്ക് മാറി നിന്നാണ് ഞങ്ങൾ കുട്ടികളെയൊക്കെ അന്ന് കാരണവന്മാർ ഉത്സവം കാണിച്ചിരുന്നത്. നെറ്റിപ്പട്ടങ്ങളുടെ തിളക്കവും, കാറ്റിൽ ഇളകിയാടുന്ന മുത്തുക്കുടകളുടെ അലകുകളും, ഇടയ്ക്കിടെ വീശി മറിയുന്ന വെഞ്ചാമരങ്ങളും, ആലവട്ടങ്ങളുടെ ഭംഗിയും, ഗജവീരന്മാരുടെ ചെവിയാട്ടലുകളും, എല്ലാം ഗോപിമ്മാന്റെ വിരൽത്തുമ്പിൽ പിടിച്ചു കൊണ്ട് അകലെ നിന്ന് കണ്ട് ആസ്വദിച്ചു നിൽക്കുന്ന ഗീതകുട്ടിയുടെ കൊച്ചുമുഖം ഞങ്ങൾ ആരുടെയും മനസ്സുകളിൽ നിന്ന് ഒരിക്കലും മായുകയില്ല.

വാക്കുകൾക്ക് മനസ്സിനു ചാഞ്ചല്യമേകാനും സ്ഥൈര്യം പകരാനും കഴിയുമല്ലോ! ഡോ. ഗീത, വകുപ്പ് മേധാവി, ശാസ്ത്രജ്ഞ എന്നൊക്കെ വായിക്കുമ്പോൾ ഞങ്ങളുടെ മനസ്സ് ഒരേ സമയം തുടിക്കുകയും, അഭിമാനിക്കുകയും, പതറുകയും ഒക്കെ ചെയ്യുന്നു... ഈ പറയുന്നത് ഞങ്ങളുടെ കുട്ടിയെ, ചേച്ചിയെ പറ്റിയല്ലേ? നിഷ്കളങ്കമായ ചിരിയോടെ അമ്മായിയുടെ കൈപിടിച്ച് പടിപ്പുരവാതിൽ കടന്നു വരാറുള്ള ഏട്ടന്മാരുടെ കുഞ്ഞു ഗീതക്കുട്ടിയല്ലേ ഇത്രയും വലുതായത്... ഭൂതകാലത്തിലെ പരാമർശങ്ങൾ മനസ്സിനെ വല്ലാതെ ഉലക്കുന്നു. മരണത്തിനപ്പുറം എന്ത്? നചികേതസ്സിന്റെ ശാന്തവും അതേ സമയം ദീപ്തവുമായ ഈ പ്രശ്നത്തിന് മുന്നിൽ മൃത്യുദേവതയായ കാലവും ഒന്ന് പതറി പണ്ട്... ഗീത ഇവിടെ എവിടെയോ ഉണ്ട്, അങ്ങനെ വിശ്വസിക്കാനാണ് തോന്നുന്നത്. എന്നും ഞങ്ങളിൽ എല്ലാവരേക്കാളും മാർക്കിന് അർഹത നേടിയവൾ ആയിരുന്നു ഗീതക്കുട്ടി... 'വെട്ടിച്ചൂലേ?' എന്ന ചോദ്യത്തിന് ആ വിടർന്ന കണ്ണുകളിലെ തിളക്കം മാത്രം മറുപടി... ഇപ്പോഴും ആ കണ്ണുകൾ മനസ്സിൽ തിളങ്ങുന്നു.

...'വെട്ടിച്ചൂട്ടോ'...

എന്നെന്നും സ്നേഹ സ്മരണകളോടെ

ചേട്ടന്മാരും, ചേച്ചിമാരും, അനിയന്മാരും, അനിയത്തിമാരും.

**ഇരിങ്ങാലക്കുട കുറിച്ചിയത്ത് കുടുംബം.**



ഗീത കോളേജിൽ ജോയിൻ ചെയ്ത് ഏതാനും മാസങ്ങൾക്ക് ശേഷം ഒരു ദിവസം എന്നെ ഫോണിൽ വിളിച്ച് സംസാരിക്കുകയായിരുന്നു. 'ടീച്ചറെ' നമ്മൾ ബന്ധുക്കൾ ആണ്, മണിമാമൻ ടീച്ചറുടെ കൂടി ബന്ധുവാണല്ലേ.? 'ഞാൻ പറഞ്ഞു,' ഗീതേ, ഗീത ജോയിൻ ചെയ്ത അന്ന് മുതൽ നമ്മൾ ബന്ധുക്കളാണ്, ഗീത എന്റെ അനുജത്തി കുട്ടിയല്ലേ? 'ആ ഒരു ചേച്ചി അനുജത്തി ബന്ധമായിരുന്നു ഞങ്ങളുടേത്. വളരെ ലാളിത്യമുള്ള, മികച്ച കഴിവുള്ള, സ്നേഹമുള്ള അനുജത്തി. മൂന്ന് വർഷമേ ഒന്നിച്ചു ജോലിയെടുത്തുള്ളൂ എങ്കിലും ഞാൻ റിട്ടയർ ചെയ്തതിനുശേഷവും ഞങ്ങൾ നിരന്തരം contact ചെയ്യുമായിരുന്നു. ഗീതയുടെ കുടുംബവുമായും വളരെ അടുത്ത ബന്ധം സൂക്ഷിക്കുന്നു. ജോലിയുടെ കാര്യത്തിൽ പൂർണ്ണ ആത്മാർത്ഥത, കുട്ടികളുടെ പ്രിയപ്പെട്ട അദ്ധ്യാപിക. ഫിസിക്സ് വിഭാഗത്തിലെയും കോളേജിലെയും ഏതു ജോലിയും ഒരു മടിയും കൂടാതെ കൃത്യമായി ചെയ്തിരുന്ന ഗീതയുടെ വേർപാട് കോളേജിന് ഒരു തീരാനഷ്ടം തന്നെയാണ്. പ്രിയപ്പെട്ട അനുജത്തി, കോളേജിലേക്ക് വരുമ്പോൾ ചിരിച്ച മുഖവുമായി ഓടി അടുത്ത് വന്ന് കൈപിടിക്കാൻ കൂടെയില്ലല്ലോ എന്നോർക്കുമ്പോൾ...

**പ്രൊഫ. പി. ഇന്ദിരാദേവി**
അസോസിയേറ്റ് പ്രൊഫസർ (Retd.) ഫിസിക്സ്
ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ



Dr. Geetha was an extraordinary individual, and anyone who had the privilege of meeting her would attest to her unwavering dedication and passion for teaching. She was truly one of a kind. I had the pleasure of working alongside Dr. Geetha since 2011, and our relationship blossomed over the years from a professional connection to a deep and personal bond. We shared interests beyond academia, from gardening to cooking, but it was in our discussions about everyday life that I witnessed her remarkable empathy and genuine interest. As Department Head, I relied on her cooperative spirit and invaluable support. Her commitment to teaching was evident in her meticulous planning and prioritisation. She would often delay her lunch to ensure her students received the full benefit of her lessons. I had the pleasure of engaging in focused and meaningful personal and professional discussions with Dr Geetha during our numerous visits to various colleges as external examiners for MSc practical examinations from 2013 onwards, until my appointment as Principal. Dr. Geetha was one of the first to congratulate me on my appointment as Principal. Later, as Department Head herself, I had no doubt that the department was in capable hands. During the COVID-19 lockdown, she ensured students remained engaged through online classes. Upon my retirement as the Principal, Dr. Geetha's emotional farewell touched my heart. We remained in close contact, discussing academic and personal matters. Her courage in battling illness and adversity inspired me, as she continued to devote herself to teaching and mentoring. Dr. Geetha's sudden passing left me reeling, and it took time to accept her permanent absence.Some of our personal interactions remain cherished memories, too precious to share publicly. Her clarity of thought and determination continue to inspire me. Dr. Geetha's legacy endures, a testament to her selflessness, compassion, and unwavering dedication to education.

**Dr. Lovely**
Retired Principal
Sree Krishna College, Guruvayur



2010 മുതൽ 2019 വരെ ശ്രീകൃഷ്ണ കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ ഗീതയോടൊപ്പം അദ്ധ്യാപികയായി പ്രവർത്തിക്കാൻ അവസരം കിട്ടിയിരുന്നു. അക്കാദമിക തലങ്ങളിലും അദ്ധ്യാപനരംഗത്തും നല്ല മികവ് പുലർത്തിയിരുന്ന അദ്ധ്യാപികയായിരുന്നു ഗീത. ഫിസിക്സ് വിഭാഗത്തിന് ഒരു മുതൽകൂട്ടാകുമായിരുന്ന ഗീതടീച്ചറുടെ അകാല വിയോഗം വരും തലമുറയ്ക്കും സഹപ്രവർത്തകർക്കും തീരാത്ത നഷ്ടം തന്നെയെന്ന് പറയാതെ വയ്യ.


നവംബർ 4 ഗീതയുടെ ഓർമദിനത്തിൽ എന്റെ പ്രണാമം...

**ജലജാമണി സി.**
അസോസിയേറ്റ് പ്രൊഫസർ (Retd.) ഫിസിക്സ്
ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ




ബിരുദ കോഴ്സിലെ രണ്ടാം വർഷം മെക്കാനിക്സ് ക്ലാസിലാണ് ഗീത ടീച്ചറെ കാണുന്നത്. ആദ്യം തന്നെ ക്ലാസിൽ കേറാൻ വൈകിയതിനുള്ള ചീത്ത, രസിച്ചില്ല! പക്ഷേ ക്ലാസ്സ്, അത് ജീവിതത്തിൽ മറക്കാൻ കഴിയില്ല. ടീച്ചറുടെ ഓരോ അവറും മികച്ചതായിരുന്നു. അഞ്ചു വർഷം എനിക്ക് ടീച്ചറുടെ വിദ്യാർത്ഥിയായി ശ്രീകൃഷ്ണ കോളേജിൽ ഉണ്ടാകാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു. ടീച്ചർ ഒരിക്കലും ഞങ്ങളിൽ ഒരാളായിരുന്നില്ല, അടിച്ചുപൊളിയോ കമ്പനിയോ ആയിരുന്നില്ല, എന്നിട്ടും ടീച്ചറെ പറ്റി പറയാൻ എല്ലാവർക്കും നൂറു നാവാണ്. ടീച്ചറുടെ സാരിയും വളയും ചെരുപ്പും പലപ്പോഴും ഞങ്ങളുടെ വീക്ഷണത്തിൽ ആയിരുന്നു. അവയെല്ലാം ടീച്ചറെ പോലെ തന്നെ മനോഹരവും ആയിരുന്നു. ഒരു അദ്ധ്യാപികക്ക് കുട്ടികളുടെ ഇടയിലേക്ക് ഇറങ്ങാതെ തന്നെ അവരിൽ ഒരാൾ ആവാൻ കഴിയും എന്നതിന് ഗീത ടീച്ചർ മാതൃകയാണ്. അധ്യയനത്തിൽ മാത്രമല്ല കൃത്യമായി തന്റെ അഭിപ്രായങ്ങൾ പറയാനും ആത്മ വിശ്വാസത്തോടെ എല്ലാവരെയും നേരിടാനും സിലബസ്സ് കൃത്യമായി കവർ ചെയ്യാനും ടീച്ചർക്ക് സാധിക്കുമായിരുന്നു. കർക്കശക്കാരിയുടെ മുഖംമൂടി ഇട്ടിരുന്നതായി പലപ്പോഴും തോന്നിയിട്ടുണ്ട്, എന്നാൽ അത് തന്റെ താൽപര്യങ്ങളും അഭിപ്രായങ്ങളും പറയുന്നവർക്ക് സമൂഹം കൊടുക്കുന്ന രൂപം ആണെന്ന് പിന്നീട് മനസ്സിലായി. ടീച്ചറിൽ നിന്ന് അനുകമ്പയോ ലാളിത്യമോ എനിക്ക് അനുഭവപ്പെട്ടിട്ടില്ല, പക്ഷേ പിന്നീട് ഞാൻ ഒരു അധ്യാപികയാകുമെങ്കിൽ ഗീത ടീച്ചറെ പോലെ ആവണം എന്ന് ഉപബോധമനസ്സോടെ ഉണ്ടായ തോന്നലിൽ നിന്ന് എനിക്ക് മനസ്സിലായി. ആ വ്യക്തി എന്നിലുണ്ടാക്കിയ പ്രചോദനം, ഞാൻ അറിയാതെ തന്നെ ടീച്ചറെ ആരാധിക്കുന്നുണ്ടെന്ന്. തോളിൽ ഹാൻഡ് ബാഗും കയ്യിൽ കുട്ടി ബാഗുമായി സാരിയുടുത്ത് ശ്രീകൃഷ്ണയിലെ വരാന്തയിലൂടെ നടന്നു പോകുന്ന ഗീത ടീച്ചറെ ഇപ്പോഴും ആരാധനയോടെയും ആദരവോടെയും സ്മരിക്കുന്നു.

**അഭിരാമി കെ. നായർ**
ബി.എസ്.സി. ഫിസിക്സ് 2017 – 2020
എം.എസ്.സി. ഫിസിക്സ് 2020 – 2022
കാളാട്ടുവളപ്പിൽ ഹൗസ്
വെള്ളാറ്റഞ്ഞൂർ പി.ഒ. 680 601



# ഗീത ടീച്ചർ സ്മൃതി

അത്ര എളുപ്പമല്ലാത്തതും, സന്തോഷം ഇല്ലാത്തതുമായ ഒരു എഴുത്തുജോലിയാണ് ഇതെന്ന് വൈകിയാണ് തിരിച്ചറിഞ്ഞത്. ഓർമ്മയിൽ എന്നും സൂക്ഷിക്കും വിധത്തിൽ വരും തലമുറയ്ക്ക് കൈമാറാവുന്ന വിധത്തിൽ ടീച്ചറെ കുറിച്ച് ഒരു പുസ്തകം പുറത്തിറക്കുന്നു എന്ന വാർത്ത ഫിസിക്സ് അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ ആണ് ആദ്യം കണ്ടത്. നിറയെ പൂക്കളുടെ ഇടയിൽ വിടർന്നു നിൽക്കുന്ന മറ്റൊരു പൂവായി ടീച്ചറുടെ പുഞ്ചിരിക്കുന്ന മുഖവും. ടീച്ചറുടെ മരണവാർത്തയും ഇതേ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ തന്നെയാണ് എന്നെ ഞെട്ടിച്ചതും. എന്റെ തന്നെ മരണവാർത്ത അറിഞ്ഞാൽ എങ്ങനെയിരിക്കും എന്നതുപോലൊരു ഷോക്ക് ആണ് അന്ന് ഉണ്ടായത്. ടീച്ചറുടെ മക്കളും എന്റെ മക്കളും ഏകദേശം സമപ്രായക്കാരായിരുന്നു എന്നതു കൊണ്ടായിരിക്കാം അത്തരത്തിൽ ചിന്തിക്കാൻ എന്നെ പ്രേരിപ്പിച്ചത്. ദീർഘനാളത്തെ സൗഹൃദമോ സഹപ്രവർത്തനമോ ഒന്നും തന്നെ ഞങ്ങൾക്കിടയിൽ ഇല്ലായിരുന്നിട്ടും വളരെ അടുത്ത ഒരാൾ പെട്ടെന്ന് പറയാതെ യാത്ര പോയെന്ന വേദന... ഒന്നിച്ചുള്ള സിവി ക്യാമ്പുകളും എ.പി.ടി. ഫിസിക്സ് വർഷോപ്പുകളും പോലെ വളരെ ചുരുങ്ങിയ കൂടിക്കാഴ്ചകൾ പോലുമേ ഉണ്ടായിട്ടുമുള്ളൂ. എങ്കിലും പലപ്പോഴും ടീച്ചർ ഒരു സഹോദരിയെ പോലെയോ കൂട്ടുകാരിയെ പോലെയോ ഒക്കെ വളരെ അടുപ്പത്തോടെ പെരുമാറിയിരുന്നു. കൃത്യമായും ശ്രദ്ധയോടെയും കാര്യങ്ങൾ ചെയ്തിരുന്ന ടീച്ചറെ എന്നോട് കൂടുതൽ അടുപ്പിച്ചത് ഇന്ദിര ടീച്ചർ തന്നെയായിരിക്കാനാണ് സാധ്യത. ഒരിക്കലും ഒരു അസുഖത്തിന്റെ സൂചന പോലും അതിനുതൊട്ടുമുമ്പുള്ള ക്യാമ്പിൽ വളരെ അടുത്തിരുന്ന വർത്തമാനം പറഞ്ഞു പേപ്പർ നോക്കുമ്പോൾ എനിക്ക് തോന്നിയിരുന്നില്ല. അതിനുശേഷം ഉള്ള ശ്രീകൃഷ്ണ ക്യാമ്പിൽ ടീച്ചറെ കാണാഞ്ഞപ്പോൾ അന്വേഷിച്ചു നടുവേദനയായി ടീച്ചർ ലീവ് ആണെന്ന് അറിഞ്ഞു. തന്റെ അസുഖത്തെ പറ്റി ആരെയും അറിയിക്കാനോ അവരെ കൂടി സങ്കടപ്പെടുത്തുവാനോ പോലും ആഗ്രഹിക്കാത്ത വിധത്തിൽ അത്രയും വിശാലമായി ചിന്തിക്കാൻ ടീച്ചർക്ക് മാത്രമേ കഴിയൂ. അവസാനമായി ഒന്ന് കാണാൻ പോയപ്പോൾ ഒരു കൊച്ചു പെൺകുട്ടിയെ പോലെ നിഷ്കളങ്കമായ മുഖത്തോടെ ടീച്ചർ ഉറങ്ങുന്നു. "ചുവരുണ്ടെങ്കിൽ അല്ലേ ധന്യ ചിത്രം വരയ്ക്കാൻ പറ്റൂ" എന്ന് ടീച്ചർ ഇത്രയും വേദന ഉള്ളിൽ അടക്കിയാണ് പറഞ്ഞതെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. ഗൈഡ്ഷിപ്പ് എടുക്കുന്നുണ്ടോ ടീച്ചർ എന്ന ചോദ്യത്തിന് മറുപടിയായാണ് വളരെ നേരത്തെ ആലോചനക്കു ശേഷമുള്ള ടീച്ചറുടെ ഈ ഉത്തരം വന്നത്. ശാന്തമായ മറ്റൊരു ലോകത്ത് ഇരുന്ന് ടീച്ചർ ഇതെല്ലാം കാണുന്നുണ്ടാകുമെന്ന് അശാസ്ത്രീയമായി ചിന്തിക്കാൻ മാത്രമേ ഇപ്പോൾ സാധിക്കുന്നുള്ളൂ.

**ധന്യ എൻ.പി.**
അസിസ്റ്റന്റ് പ്രൊഫസർ, ഫിസിക്സ്
കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്




# In Loving Memory of Dr. Geetha K:
# A Life Dedicated to Teaching and Inspiration

It is with profound sadness that we mourn the untimely passing of Dr. Geetha, esteemed Head of the Physics Department at Sree Krishna College, Guruvayur. Although we knew she had been battling health issues, her return to work had brought us relief and hope. Typical of her courageous spirit, Dr. Geetha faced her challenges with resilience and digntiy, never seekings sympathy from others.

A shining exemplar of dedication and knowledge, Dr. Geetha inspired countless young minds. Her positive relationships with colleagues, commitment to social responsibiltiy, and devotion to her children, Govind and Goutham, endeared her to all.

Her students hold her in the highest esteem, praising her exceptional subject expertise, strict yet effective teaching style, and the profound impact it had on their academic journey. Their heartfelt testimonials serve as a lastingt ribute to her illutsrious teaching career.

I have had the privilege of working with Dr. Geetha in valuation camps, where her punctualtiy, sincertiy, and unwavering integrtiy left an indelible mark. Her legacy will continue to illuminate the lives of those she touched, and her memory will forever be etched in our hearts.

The seminar session she led at the association inauguration function at Little Flower College, Guruvayoor, in the year 2014, was insightful and informative, with detailed analysis and examples. After attending her class, I was impressed by her dedication and commitment to her work. Many more students would have benefited from her experience, talent, and knowledge, but unfortunately, time was not on our side. Dear teacher, you will always live in our hearts.

**Dr. Haisel Mathew**
Head of the Dept.of Physics
Little Flower College Guruvayoor



ഗീതയെ പറ്റിയുള്ള ഓർമക്കുറിപ്പുകൾ എഴുതാൻ മനുവിന്റെ ആവർത്തിച്ചുള്ള സ്റ്റാറ്റസ് കാണുമ്പോൾ എന്റെ ഉള്ളിൽ ഉണരുന്നത് കുറ്റബോധവും നെഞ്ചിലൊരു വിങ്ങലുമാണ്. ഗീതയോടൊപ്പം പങ്കുവെച്ച ഒരുപാട് നിമിഷങ്ങളെ കുറിച്ചുള്ള ഓർമ്മകൾ അല്ല എനിക്ക്. പങ്കുവെക്കാതെ പോയ നിമിഷങ്ങൾ ആണ്. പണ്ട് ഫോട്ടോണിക്സിൽ വെച്ച് ലാബിലും വരാന്തയിലും ഒക്കെ കാണും, പുഞ്ചിരിക്കും. എപ്പോഴോ ഞങ്ങൾ രണ്ടുപേരും ഗർഭിണികൾ ആയിരുന്നു. അപ്പോൾ ഗീതയുടേത് കുറേ കൂടി വിടർന്ന കള്ളച്ചിരിയായിരുന്നു. പക്ഷെ, പരസ്പരം മിണ്ടിയില്ല. എന്റെ പാർടൈം റിസേർച്ചറായത് കൊണ്ടുള്ള സ്വതവേയുള്ള സമയക്കുറവും അന്തർമുഖത്വവും കാരണം. പിന്നെ ഞാൻ കേരളവർമയിൽ ജോയിൻ ചെയ്യാൻ വന്നപ്പോൾ അറിഞ്ഞു ഗീത ശ്രീകൃഷ്ണയിൽ ചേർന്നുവെന്ന്. വെറുതെ ചിന്തിച്ചു, ഗീത ഇവിടെ ചേർന്നിരുന്നെങ്കിൽ! പിന്നെ വാല്യൂപേപ്പർ ക്യാമ്പുകളിൽ ഒന്നിൽ കണ്ടുമുട്ടിയപ്പോൾ ധാരാളം സംസാരിച്ചു. പ്രധാനമായും ഫോട്ടോണിക്സ് എന്നത് ഫിസിക്സിന്റെ തന്നെ ഒരു ആധുനിക മേഖലയാണെന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് പറഞ്ഞു കൊടുക്കേണ്ടി വന്ന ഗതികേടിനെ കുറിച്ചായിരുന്നു അത്. ഗീതയുടെ ചിരി പറയുന്ന എല്ലാ വാചകങ്ങളിലും പുരട്ടുന്ന മധുരം ആയിരുന്നു. ആ ചിരിയില്ലാത്ത സംസാരമില്ല. മിണ്ടാതിരിക്കുമ്പോൾ മാത്രമേ ഗീതയ്ക്ക് ഗൗരവഭാവം ഉള്ളൂ. ഒരിക്കൽ ഞാൻ ഗീതയുടെ അഡീഷണൽ ആയി നോക്കാൻ തന്നുവിട്ട പേപ്പർ കൊടുക്കാൻ വീട് തപ്പി ചെന്നപ്പോഴാണ് അറിഞ്ഞത് ഗീത എന്റെ വളരെ അടുത്താണ് താമസിക്കുന്നത്. കോളേജിൽ നിന്ന് വീട്ടിലേക്ക് പോകുന്ന വഴിയിൽ. അന്ന് വീട്ടിൽ വന്ന് എന്റെ അമ്മയോട് ഇത് പറഞ്ഞു. പിന്നെ അത് മറന്നു. ഒരിക്കൽ ഞാൻ മൂഡ് ഓഫ് ആയിരുന്നു. അമ്മ പറഞ്ഞു 'നിനക്ക് കുറച്ചുകൂടി കൂട്ടുകാർ വേണം ബിന്ദു അവരോടൊത്ത് സംസാരിച്ചു ചിരിച്ചു ഷോപ്പിങ്ങിന് പോയി... അങ്ങനെയൊക്കെ വേണ്ടേ?' 'എനിക്ക് അങ്ങനെ കൂട്ടുകാരില്ല' ഞാൻ ഉടക്കിൽ ആയിരുന്നു. 'നീ അന്ന് പറഞ്ഞില്ലേ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഒരു ഗീതയെക്കുറിച്ച് ആ കുട്ടിയുടെ വീട്ടിൽ പോകും ഇപ്പോൾ ആ കുട്ടിയെ നിനക്ക് നല്ല ഇഷ്ടമാണെന്നല്ലേ പറഞ്ഞത്?' ഞാൻ സ്വയം ചോദിച്ചു 'ഗീതയെ എനിക്കിഷ്ടമാണ് ഗീതയ്ക്ക് എന്നെയോ? എനിക്കറിയില്ല വെറുതെ വീട്ടിൽ ചെന്നാൽ ഗീത എന്താണ് വന്നതെന്ന് ചോദിച്ചാൽ എന്തുപറയും?' പോയില്ല. അന്ന് പോയില്ല. ഒരിക്കലും പോയില്ല. ഒരിക്കൽ ചാലക്കുടി Sacred Heart ൽ Msc എക്സാമിന് ആയി ഗീതയും ഞാനുമായിരുന്നു. ഗീതയുടെ കാറിൽ പോയി. കൂടെ ഭർത്താവും മക്കളും ഉണ്ടായിരുന്നു. കോളേജിൽ ഞങ്ങളെ ഇറക്കി അവർ എറണാകുളത്തേക്ക് പോയി. വൈകിട്ട് തിരിച്ചു ഞങ്ങളെ പിക്ക് ചെയ്തു. ടോൾ ഒഴിവാക്കാൻ പോയവഴിയരികിൽ നിറഞ്ഞ് ഒരു തോട്. നിറഞ്ഞുനിറഞ്ഞ വഴിയും തോടും



ഒന്നായി. അതിനുശേഷം രണ്ടുദിവസം കഴിഞ്ഞപ്പോൾ വെള്ളപ്പൊക്കം. Sacred heart ന്റെ ലാബ് മുഴുവൻ നശിച്ചുപോയി. പ്രതീക്ഷിക്കാതെയാണ് ഒരു ദിവസം അറിഞ്ഞത് ഗീത അസുഖമായി ലീവിൽ ആണെന്ന്. ആരും വിളിച്ചാൽ എടുക്കില്ലെന്ന് പറഞ്ഞു കേട്ടിരുന്നു. ഞാൻ ഫോൺ വിളിച്ചപ്പോൾ എടുത്തു. പക്ഷേ ഗീത ഒന്നും വിട്ടു പറഞ്ഞില്ല. പതിവിന് വിപരീതമായി ഫോൺ വയ്ക്കാൻ ധൃതികാട്ടി. കുറെ കഴിഞ്ഞ് പിന്നെയും ഞാൻ വിളിച്ചു. പുറം വേദനയുണ്ടെന്ന് ഗീത പറഞ്ഞപ്പോൾ ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയോട് മാത്രം പറയാവുന്ന ചില സൂത്രപ്പണികൾ പറഞ്ഞു കൊടുത്തു. പിന്നെ ഒരു ക്യാമ്പിൽ വച്ച് തലയിൽ Scarf കെട്ടി കണ്ടപ്പോൾ ഞെട്ടിപ്പോയി എനിക്ക് കൃത്യമായും രോഗത്തിന്റെ നേരും ഗൗരവവും പിടികിട്ടി. ചോദിച്ചില്ല. പറഞ്ഞില്ല. ഒന്നും മിണ്ടിയില്ല. എന്നിട്ടും പുതിയ വീട്ടിലേക്ക് മാറിയോ എന്ന് ചോദിച്ചില്ല. പോയില്ല. I was in a shock! ഒരു കൈ നീട്ടിയാൽ കിട്ടാവുന്ന സൗഹൃദത്തിൽ നിന്നും, വേദനിപ്പിച്ചേക്കാവുന്ന റിയാലിറ്റിയിൽ നിന്നും ഞാൻ ഒളിച്ചോടി. ഇല്ല. ഞാനറിയുന്ന ഗീത വലിയ അഭിമാനിയാണ്. എന്തും ചിരിയോടെ നേരിടുന്ന ഒരാൾ. അത് പറ്റാതെ ആവുന്നത് ആരും കാണരുതെന്ന് കരുതുന്ന ഒരാൾ. എനിക്ക് ഗീതയെ മനസ്സിലാവും ഇതുതന്നെയാണ് എല്ലാവരിൽ നിന്നും ഗീത ആഗ്രഹിച്ചത്. മരിച്ചു എന്ന് അറിഞ്ഞപ്പോൾ ഷോക്ക് ആയിരുന്നു. ഇത്ര വേഗം പ്രതീക്ഷിച്ചില്ല. അന്നു രാത്രി മണിക്കൂറുകളോളം ഞാൻ വാവിട്ടു കരഞ്ഞു. വീട്ടിലുള്ളവർ അമ്പരന്നു ഇത് ഏതു കൂട്ടുകാരി ഇത്രമാത്രം കരയാൻ!. പൂക്കാതെ പോയ ഒരു സൗഹൃദത്തിന്റെ അന്ത്യം. പിറ്റേന്ന് വെളുപ്പിന് ലിറ്റിയോട് ഒത്തുപോയി കണ്ടു... ഗീതയെ പോലെ ഫോട്ടോണിക്സിൽ നിന്ന് വന്ന ലിറ്റി. പല ക്യാമ്പിലും ഞങ്ങൾ മൂന്നുപേരും അത്യാഹ്ലാദത്തോടെ ഒത്തുകൂടുന്നത് കണ്ടു പലരും പറഞ്ഞിട്ടുണ്ട് 'ഒരു ഫോട്ടോണിക്സ്കാർ'. അതിൽ ഗീതയായിരുന്നു പതാക ചൂടിയവൾ. വെളിച്ചത്തിന്റെ പതാക. സദാ സുസ്മിത. പ്രകാശരൂപിണി. ആ വെളിച്ചത്തിൽ കഴിയാതെ പോയ വർഷങ്ങളെ ഓർത്ത് നവബോധം ബാക്കിയായ ഒരുസഹയാത്രിക മാത്രം ഞാൻ.

**ബിന്ദു കൃഷ്ണൻ**
എസ്.കെ.വി.സി., തൃശൂർ



# ഞങ്ങളിലൂടെ ജീവിക്കുന്നവൾ...

ഇന്നലെ വരെ നമ്മോടൊപ്പമുണ്ടായിരുന്ന പ്രിയപ്പെട്ട ഒരാൾ. നമുക്ക് കൂട്ടുകാരിയായി.. ഒരേ തണലിൽ ഇളവേറ്റ് ഒരു വഴിയേ യാത്ര ചെയ്ത് ഒരേ സ്വപ്നങ്ങൾ പങ്കുവച്ച് ഒരുമിച്ച് വർത്തമാനങ്ങൾ പറഞ്ഞ് നാളെ കാണാമെന്ന് പറഞ്ഞ് പിരിഞ്ഞ ഒരാൾ ഇതാ ജീവിതത്തിന്റെ ഫ്രെയിമിൽ നിന്ന് ഒരു യാത്രപോലും പറയാതെ നടന്ന് മാഞ്ഞു പോകുന്നു... ഒഴിഞ്ഞ ഫ്രെയിം മാത്രം ബാക്കിവച്ചുകൊണ്ട്, വേഷം അഴിച്ചു വച്ചുകൊണ്ട് എവിടേക്കാണ് പോകുന്നത് ? ഒരായിരം ചോദ്യങ്ങളുണ്ട് നിയതിയോട് ചോദിക്കുവാൻ. വ്യക്തി എന്ന നിലയിൽ ഒരിക്കലും ഈ പ്രപഞ്ചത്തിന്റെ അരങ്ങിൽ ഇനി അവർ ആവർത്തിക്കില്ല; ഉറപ്പ്. അനന്തമായ കാലപ്രരപ്പിൽ മൂന്നക്കം പോലുമില്ലാത്തത്ര ഹ്രസ്വമായിരുന്നു നമ്മുടെ ജീവിതം. മരണത്തിനപ്പുറം ഏതോ ഒരു മൂടുപടം നമ്മുടെ കാഴ്ചയെ മറച്ചു കളയുന്നു. എന്തോ ഒന്ന് നമ്മുടെ സംവേദനങ്ങളെ മരവിപ്പിച്ചു കളയുന്നു. മഹാഭാരതത്തിൽ പ്രസിദ്ധമായ ഒരു സന്ദർഭമുണ്ട് 'എന്താണ് ഈ ലോകത്തിലെ ആശ്ചര്യം?' എന്ന യക്ഷന്റെ ചോദിത്തിന് ധർമ്മപുത്രർ അതിന് നൽകുന്നൊരു മറുപടിയുണ്ട്.

അഹന്യഹനി ഭൂതാനി
ഗച്ഛന്തീഹ യമാലയം
ശേഷാ: സ്ഥാവരമിച്ഛന്തി
കിമാശ്ചര്യമത:പരം

ദിവസവും ജീവനുള്ളവർ മരണപ്പെടുന്നു. എന്നിട്ടും ഈ ലോകത്തിൽ അവശേഷിക്കുന്നവർ തങ്ങൾക്കും ഒരു ദിവസം മരണം വരുമെന്ന് ധരിക്കുന്നില്ല. ഇതിലും വലിയ ആശ്ചര്യമെന്ത്! ഇത് കേവലമൊരു കവിയുടെ കുതൂഹലമല്ല. വിശാലബുദ്ധിയായൊരു ഋഷിയുടെ ആശ്ചര്യമാണ്. പ്രിയപ്പെട്ട ഏതൊരാളുടെ മരണവും ഈയൊരു ആശ്ചര്യവും മൗനവുമാണ് നമ്മിൽ സൃഷ്ടിക്കുന്നത്. ജീവിതം ഇനിയും ബാക്കി നിൽക്കെ... സ്നേഹവും വാത്സല്യവും പകർന്ന് മതിയാവാതെ... ഞങ്ങളുടെ പ്രിയ കൂട്ടുകാരി മടങ്ങിപ്പോയിരിക്കുന്നു. ഒരു യാത്ര പോലും പറയാതെ. ആ മഹാരോഗത്തോട് ആത്മവിശ്വാസത്തോടെ പൊരുതി... അവർ തിരികെപ്പോയി. വൈദ്യശാസ്ത്രത്തിനും പ്രാർത്ഥനകൾക്കും പിടിനൽകാതെ എവിടെയോ ഒളിച്ചിരുന്ന് കൊണ്ട് അത് ജീവന്റെ അവസാന നാളവും ഊതിക്കെടുത്തി. മിടുക്കിയായിരുന്നു ഞങ്ങളുടെ ഗീത... പത്താം ക്ലാസുമുതലേ റാങ്ക് കാരി... അമ്പലമേട് FACT School ലെ മഹാരാജാസിലെ... UC കോളേജിലെ.... CUSAT ലെ ഒക്കെ അക്കാദമിക രംഗത്ത് തിളങ്ങി നിന്ന വ്യക്തിത്വം. ഫിസിക്സിൽ പ്രഗത്ഭയായ അദ്ധ്യാപിക... ശ്രീകൃഷ്ണയുടെ IQAC യുടെ എക്കാലത്തേയും മികച്ച കോർഡിനേറ്റർ.. കുട്ടികളുടെ പ്രിയപ്പെട്ട ടീച്ചർ. സഹപ്രവർത്തകരുടെ ഹൃദയത്തോട് ചേർന്നു നിന്നയാൾ. നമ്മൾ Digntiy എന്നൊക്കെ പറയുന്ന ഒന്നുണ്ടല്ലോ അതിന്റെ മറുവാക്ക് അതാണ് ഗീത... ഒരിക്കൽ പരിചയപ്പെട്ടാൽ ആരും മറക്കാത്ത വ്യക്തിത്വം.

2010 ആഗസ്റ്റ് നാലിനും ആറിനുമിടയിൽ ഞങ്ങൾ 14 പേർ ഗുരുവായൂരപ്പന്റെ ശ്രീകൃഷ്ണ കോളേജിലേക്ക് ഒരുമിച്ചാണ് കടന്നുവന്നത്. പിന്നെ ഈ 13 വർഷം ഞങ്ങൾ ഈ കൂട്ടിൽ ഒരേ മനസ്സോടെ മുന്നോട്ടു പോയി. പിന്നീടെപ്പോഴോ തൃശ്ശൂരിൽ ഞങ്ങൾ അയൽക്കാരായി. കോളേജിലേക്കുള്ള യാത്രയിൽ തുണയായി. ഒരുമിച്ച് ആസ്വദിച്ചുള്ള Driving അതിനിടയിലെ Excitement കൾ.. സങ്കടപ്പെടാനും സഹായിക്കാനും... പങ്കുവയ്ക്കാനും എനിക്ക് കൂട്ടായി ഗീത ഉണ്ടായിരുന്നു. ഗീത വീട്ടിൽ കൃഷി ചെയ്ത പച്ചക്കറിയും അടുക്കള സ്വാദുകളും എനിക്കും കൈമാറി... എന്തിനും ഏതിനും ഒപ്പമുണ്ടായിരുന്നൊരാൾ... പാതിവഴിയിൽ യാത്ര മതിയാക്കി പെട്ടെന്നങ്ങ് പോയാൽ നമ്മൾ തരിച്ചിരുന്നു പോകും. അന്ന് ആ നവംബർ നാലിന് ഞങ്ങൾ കൊച്ചിയിലെ ലേക്ക്ഷോർ ആശുപത്രിയുടെ വരാന്തയിൽ ഗീതയെ കാത്തിരുന്ന ആ തേങ്ങൽ അതിപ്പോഴും ഉള്ളിൽ മുഴങ്ങുന്നുണ്ട്. ഒരു പക്ഷെ നമുക്ക് ഓർമ്മ നിലക്കാത്ത കാലംവരേയും അത് പിൻതുടർന്നുകൊണ്ടേയിരിക്കും.

അന്ന് ആ ആശുപത്രി വരാന്തയിൽ ഭയപ്പെടുത്തുന്ന തണുപ്പിൽ ഞങ്ങളെ വിറങ്ങലിച്ചിരുത്തി ഒന്നും പറയാതെ മിണ്ടാതെ ഗീത എങ്ങോട്ടാണ് പോയത്. മരണം പാതിവഴിയിൽ വച്ച് തട്ടിപ്പറിക്കുന്നത് എത്രയെത്ര പ്രതീക്ഷകളെയാണ്.. ഒരു കുടുംബത്തിന്റെ മുഴുവൻ കരുതലിനെയാണ്. അതെ മരണം ഒരു വലിയ പാഠശാലയാണ്. ലോകത്തിന്റെ പകയിൽ നിന്നും വിദ്വേഷത്തിൽ നിന്നുമകന്ന് കണ്ണടച്ച് സ്വയം മനനം ചെയ്യേണ്ടുന്ന പാഠശാല. പക്ഷെ എത്ര തവണ പഠിച്ചുറച്ചാലും പിന്നേം പിന്നേം നോവിക്കുന്ന പാഠശാല അതുകൊണ്ടാണ് ഒരുമിച്ച് കൂട്ടുകൂടി നടന്ന പ്രിയപ്പെട്ടവരെ ഇങ്ങനെ തട്ടിപ്പറിച്ചു കൊണ്ടു പോയി പാഠം പഠിപ്പിക്കുന്നത്. പക്ഷെ പ്രിയപ്പെട്ടവരുടെ വേർപാട് തീർക്കുന്ന ഭയപ്പെടുത്തുന്ന ശൂന്യതയുടെ ഒരു കോണിൽ ഒറ്റക്ക് ഇരുന്ന് ഞാൻ പഠിച്ച് ഉറപ്പിക്കുകയാണ്... ജീവിതത്തിന്റെ ഈ ഉപനിഷത്ത്...

‘വായുരനിലമമൃതം അഥേദം
ഭസ്മാന്തം ശരീരം
ഓം ക്രതോ സ്മര കൃതം സ്മര
ക്രതോ സ്മര കൃതം സ്മര’
(ഈശാവാസ്യോപനിഷത്ത്)

പഞ്ചഭൂതങ്ങൾ കൊണ്ട് നിർമ്മിതമായശരീരം ഭസ്മാന്തമായിത്തീരുന്നു. അവശേഷിക്കുന്നത് ജീവിതത്തിന്റെ ആകെത്തുകയായ കർമ്മങ്ങൾ മാത്രമാണ്. അതെ അത് സ്മരിക്കുക. (കർമ്മം ചെയ്ത ഉപകരണം മാത്രമാണ് ഭസ്മമായത്)

വാർധക്യത്തിൽ ദീർഘനാൾ മരണാസന്നനായി കഴിയേണ്ടി വന്ന ഒരാൾ ഒടുവിൽ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകൻ അഭിപ്രായപ്പെട്ടത് ‘അച്ഛന്റെ മരണം തീർത്തും അപ്രതീക്ഷിതമായിരുന്നു’ എന്നത്രെ. നമ്മുടെ തലമുറയിൽ മരണം തീർത്തും അപ്രതീക്ഷിതമാണ്. ഏത് പ്രായത്തിലായാലും മരണത്തെ നമ്മൾ പ്രതീഷിക്കുന്നതേയില്ല. അതിനെക്കുറിച്ച് ബോധവത്തായിരിക്കാൻ നാം ശ്രമിക്കാറില്ല. ചിന്തിക്കാൻ നാം ഇഷ്ടപ്പെടുന്നുമില്ല. നമുക്ക് ഏറെ പ്രിയപ്പെട്ട ഒരാൾ മരണപ്പെടുമ്പോഴാണ് അല്പമെങ്കിലും ആ സത്യത്തെക്കുറിച്ച് നാം ഉണർവുള്ളവരാകുന്നത്. പണ്ട് കാലത്ത് റോമൻ ചക്രവർത്തിമാരെ സദാ അനുഗമിച്ചിരുന്ന ചില പ്രവാചകരുണ്ടായിരുന്നു. അവർക്ക് ഒരേയൊരു ജോലിയെ ഉണ്ടായിരുന്നുള്ളൂ. തന്റെ പ്രജകളുടെയും സാമന്ത രാജാക്കന്മാരുടെയും അനുമോദനങ്ങളിൽ സ്വയം മറന്ന് സർവ്വ പ്രൗഢിയോടെയും ഇരിക്കുന്ന നേരത്ത് സീസറുടെ ചെവിയിൽ പോയി ഈ സത്യം മന്ത്രിക്കുക. ‘സീസർ താങ്കൾ ഒരു ദിനം മരിക്കും. അത് ഓർക്കുക.’ പൗരാണിക ഭാരതത്തിൽ രാജർഷിയായ ജനകനും സമാനമായൊരു ആചരണം ഉണ്ടായിരുന്നു. നമ്മളാരും ജനകനോ സീസറോ അല്ല. എന്നിരിക്കിലും നമ്മുടെ കാതിലും ആ സത്യം ആരോ വന്നോതാറുണ്ട്. ഒരു നിമിഷം നിശ്ചലമായി നിന്ന് കാതോർത്താൽ അത് കേൾക്കാം. ഒരു പക്ഷെ ആ മരണാവബോധമാണ് ജീവിതത്തെ കൂടുതൽ സുന്ദരമാക്കുന്നത്. മരണം ഒരു യാഥാർത്ഥ്യമായി മുന്നിൽ നിൽക്കുമ്പോൾ ജീവിക്കുന്ന കാലമത്രയും നമുക്ക് ഹൃദയപൂർവ്വം ജീവിക്കാൻ പ്രേരണ ഉണ്ടാകുന്നു. ഒരോ നിമിഷവും സാർത്ഥകമാക്കാൻ മനസ്സ് പരുവപ്പെടുന്നു. അതെ ഗീതയുടെ വിടവാങ്ങൽ ഉണ്ടാക്കിയ ശൂന്യതയെ മറികടക്കാൻ ശ്രമിക്കുയാണ് ഞങ്ങൾ കൂട്ടുകാർ. അതെങ്ങിനെയെന്നോ ഈ ലോകത്തെ, ഇവിടുത്തെ വളരെ ചെറിയ ജീവിതത്തെ അത്രമേൽ ആഴത്തിൽ അറിയാൻ ശ്രമിച്ചുകൊണ്ട്. കടന്നുപോയ അനുഭവങ്ങളെ നന്ദിപൂർവ്വം സ്മരിച്ചു കൊണ്ട് ഹൃദയങ്ങളിൽ പരസ്പരം സ്നേഹം നിറച്ചുകൊണ്ട് ഓർമ്മകളിൽ നന്മയുടെ വസന്തം തീർത്ത പ്രിയ കൂട്ടുകാരിയുടെ ജീവിതത്തെ ഞങ്ങൾ ഞങ്ങളിലൂടെ പൂർത്തിയാക്കട്ടെ...

**ഡോ. ലക്ഷ്മി ശങ്കർ**
സംസ്കൃത വിഭാഗം
ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ

ഡിഗ്രിക്ക് അഡ്മിഷൻ എടുക്കാൻ വന്നപ്പോഴായിരിന്നു ടീച്ചറെ ഞാൻ ആദ്യമായി കണ്ടത്. ഫിസിക്സ് ലാബിലേക്ക് കടന്ന് വന്ന എന്നെ ചെറിയ പുഞ്ചിരിയോടെയാണ് ടീച്ചർ സ്വാഗതം ചെയ്തത്. കൂടെ വന്നത് അമ്മയും അച്ചമ്മയും ആണെന്ന് പരിചയപ്പെടുത്തിയപ്പോൾ, 'അമ്മ ഇരിക്കൂ' എന്ന് പറഞ്ഞ് അച്ചമ്മയോട് സ്നേഹത്തോടെ കസേരയിൽ ഇരിക്കാൻ പറഞ്ഞു. കോവിഡ് കാരണം first year ൽ പകുതിയും ഓൺലൈൻ ക്ലാസായിരുന്നത് കൊണ്ടും പീന്നിട് കോളേജ് തുറന്നപ്പോൾ ടീച്ചറുടെ ക്ലാസുകൾ ഇല്ലാതിരുന്നത് കൊണ്ടും അധികമൊന്നും ടീച്ചറെ കാണാൻ  പറ്റിയിരുന്നില്ല.

Mothers day യോട് അനുബന്ധിച്ച് നടന്ന കവിതാരചനയിൽ prize കിട്ടിയപ്പോൾ അഭിനന്ദനങ്ങൾ അറിയിച്ച് ടീച്ചർ മെസ്സേജ് അയച്ചിരുന്നു. ഫോണിലെ തകരാർ മൂലം വളരേയേറെ ദിവസങ്ങൾ കഴിഞ്ഞാണ് ഞാൻ ആ മെസ്സേജ് കണ്ടത്.

ദിവസങ്ങൾ ഏറെ കഴിഞ്ഞത് കൊണ്ട് ടീച്ചറോട് തിരിച്ചൊരു നന്ദി പറയാൻ സാധിച്ചിരുന്നില്ല. പിന്നീട് സെക്കൻറ് ഇയർ ക്ലാസ്സുകൾ ആരംഭിച്ചപ്പോൾ ടീച്ചറെ അധികമൊന്നും കണ്ടിരുന്നില്ല. അന്വേഷിച്ചപ്പോൾ, ടീച്ചർ ഒരു ഓപ്പറേഷൻ സംബന്ധിച്ച് ലീവിലാണെന്നും ഇനി കുറച്ച് മാസങ്ങൾ കഴിഞ്ഞേ വരൂ എന്ന് പലരും പറഞ്ഞെങ്കിലും, ടീച്ചർ അധികം വൈകാതെ തന്നെ കോളേജിലേക്ക് വരണേ എന്ന് ഞങ്ങളെല്ലാവരും ആഗ്രഹിച്ചിരുന്നു. വയ്യാതെ ഇരുന്ന അവസ്ഥയിലും കൃത്യമായി ഓൺലൈൻ ക്ലാസുകൾ upload ചെയ്ത് തന്നത് കാണാൻ പറഞ്ഞും, ലീവെടുത്തിരുന്ന അവസ്ഥയിലും ടീച്ചർ ഞങ്ങളെ സഹായിച്ചിരുന്നു. Second year പകുതി ആകുമ്പോഴേക്കും ടീച്ചർ കോളേജിലേക്ക് തിരിച്ചുവന്നിരുന്നു. വളരെയധികം tough എന്ന് തോന്നിക്കുന്ന വിഷയം പോലും ഒരുതവണ കേട്ടാൽ പിന്നീട് explain ചെയ്തുതരേണ്ടിവരില്ലാത്ത വിധം പെട്ടെന്ന് മനസ്സിലാകുന്ന രീതിയിൽ ആയിരുന്നു ടീച്ചർ ക്ലാസ്സ് എടുത്തിരുന്നത്.

ക്ലാസ്സിലുള്ള ഞങ്ങൾ ഓരോരുത്തരെയും ടീച്ചർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ലാബിൽ വളരെ കൃത്യനിഷ്ഠയോടു കൂടിയായിരുന്നു ടീച്ചർ ഓരോന്നും പറഞ്ഞു തന്നിരുന്നതും ചെയ്തിരുന്നതും. ആദ്യമായി ലാബിൽ കയറിയ ഞങ്ങൾ അഞ്ചു പേരടങ്ങിയവർ എക്സ്പിരിമെന്റ് ചെയ്യാൻ അറിയാതെ നിന്നപ്പോൾ അടുത്ത് വന്ന് ടീച്ചർ ഓരോ കാര്യവും വ്യക്തവും എളുപ്പവുമായ ഭാഷയിൽ പറഞ്ഞു തന്നിരുന്നു. മനസ്സിലാവാത്ത കാര്യങ്ങൾ ആണെങ്കിൽ ഒന്നിൽ കൂടുതൽ തവണ റിപ്പീറ്റ് ചെയ്ത് ടീച്ചർ ക്ലാസ് എടുത്തു പറഞ്ഞു തരുമായിരുന്നു. Third year ആയപ്പോഴേക്കും ടീച്ചറെ അധികം ഒന്നും കണ്ടിരുന്നില്ല. ടീച്ചർ വീണ്ടും ലീവ് എടുത്ത് പോയെന്നും, ടീച്ചർക്ക് പകരം ഇനി മറ്റൊരു ടീച്ചർ ക്ലാസ്സ് എടുക്കും എന്നും പലരും പറഞ്ഞെങ്കിലും, മുൻപത്തെ പോലെ തന്നെ അധികം വൈകാതെ തന്നെ ടീച്ചർ കോളേജിലേക്ക് മടങ്ങിവരും എന്ന് ഞങ്ങളേവരും  ആഗ്രഹിച്ചിരുന്നു.

To our beloved Geetha Miss,

Thank you so much for being our teacher, We will never forget you.

**Geeva GP**
B.Sc. Physics (2020-23)



നന്മയുടെ സ്മരണ അനശ്വരമായിരിക്കും. ദൈവവും മനുഷ്യരും അത് വിലമതിക്കുന്നു. നന്മ കാണുമ്പോൾ മനുഷ്യർ അതിനെ മാതൃകയാക്കുന്നു. അപ്രത്യക്ഷമാകുമ്പോൾ അതിനെ തീവ്രമായി കാംക്ഷിക്കുന്നു. എല്ലായ്പ്പോഴും അത് വിജയകിരീടം അണിഞ്ഞ് മുന്നേറുന്നു. (ജ്ഞാനം 4:12).

ആരോടും പറയാതെയും ആരെയും അറിയിക്കാതെയും നിശബ്ദമായ ഒരു കടന്നുപോകൽ. നിറഞ്ഞ നന്മയുടെ സാന്നിധ്യം പെട്ടെന്ന് അപ്രത്യക്ഷമാകുമ്പോഴുള്ള നിറഞ്ഞ സങ്കടം അതാണ് ഗീതയുടെ വേർപാട് മനസ്സിലുണർത്തിയത്. ഒന്ന് കണ്ടിരുന്നുവെങ്കിൽ, ഒന്ന് അടുത്തിരിക്കാൻ ആയിരുന്നുവെങ്കിൽ, ഉള്ളിൽ ഒതുക്കിയ സങ്കടങ്ങൾ ഒന്ന് പങ്കിടാൻ സാധിച്ചിരുന്നുവെങ്കിൽ, ആശങ്കയുടെ നാളുകളിൽ അല്പം ആശ്വാസമേകാനായിരുന്നു വെങ്കിൽ തീരാത്ത ഒരു ഇഛാഭംഗമാണ് ഗീതയുടെ പെട്ടെന്നുള്ള വേർപാട് മനസിൽ ഉയർത്തിയത്. സങ്കടങ്ങളുടെ സമയങ്ങളിൽ കൂട്ടിരിക്കാൻ ആയില്ലെങ്കിൽ എന്ത് സുഹൃത് ബന്ധം. അങ്ങനെ ഒത്തിരി സങ്കടങ്ങൾ ബാക്കിയാക്കി പ്രിയ സുഹൃത്ത് ഗീത യാത്രയായിട്ട് വർഷം ഒന്ന് തികയുന്നു. ഓർക്കുമ്പോഴൊക്കെ നന്മയുടെ കുളിർമ മനസ്സിൽ ഉണർ ത്തുന്നതാണ് ഗീതയുടെ ജീവിതം. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ഫോട്ടോണിക്സ് വിഭാഗത്തിൽ ഒരു ഗവേഷണ വിദ്യാർത്ഥിയായി ഒരുമിച്ച് ആയിരിക്കുമ്പോൾ കളകളാരവം ഉയർത്തുന്ന ഒരു കൊച്ചരുവിപോലെ പ്രശാന്തവും കുളിർമയേറിയതും സന്തോഷദായകവും ആയിരുന്നു ഗീതയുടെ സാന്നിധ്യവും സൗഹൃദവും. കളങ്കങ്ങളില്ലാത്ത അകവും പോലെ പുറവും ഒന്നു പോലെ ആയിരിക്കാൻ നിശ്ചയമുള്ള വ്യക്തിത്വം വിചാരങ്ങൾ, തോന്നലുകൾ ചിന്തകൾ എല്ലാംതുറന്നു പ്രകടിപ്പിക്കുന്ന സുതാര്യമായ ജീവിതം തമാശകൾ പറഞ്ഞ് കുടുകുടെ ചിരിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്ന നർമ്മബോധം കൂട്ടായ പെരുമാറ്റ ശൈലി. ഗീതയുടെ സാന്നിധ്യം എപ്പോഴും സന്തോഷം പകരുന്നതായിരുന്നു. അധ്വാനത്തെ ഇഷ്ടപ്പെടുന്ന ഒരു ശാസ്ത്ര അധ്യാപിക. ആവശ്യങ്ങളിൽ, ആശയങ്ങളുടെ പങ്കുവെക്കലിൽ എപ്പോഴും ഉദാരത പുലർത്തുന്ന സന്മനസ്സിന്റെ ഉടമ, എല്ലാറ്റിനും ഉപരി കുലീനത്വവും ലാളിത്യവും ഒത്തുചേർന്ന ജീവിതശൈലി. അതായിരുന്നു ഞാൻ കണ്ട ഗീത. ദൈവ ത്തോടൊത്ത് ജീവിച്ച് തന്റെ ജീവിതം മഹത്വപൂർണ്ണമാക്കിയവളാണ് ഗീത.



പക്ഷേ സഹനങ്ങളെയും ജീവിത പരീക്ഷണങ്ങളേയും ഇത്ര ധൈര്യത്തോടും സമചിത്തതയോടും കൂടി ഏറ്റെടുക്കുന്ന ഒരു നിശബ്ദ ധീരശാലി ഗീതയിൽ ഒളിഞ്ഞു കിടക്കുന്നുണ്ടെന്ന് അറിഞ്ഞിരുന്നില്ല. രോഗം എന്ന വെല്ലുവിളിയെയും ചെറുക്കാനാകും എന്ന ആത്മ വിശ്വാസം ആയിരിക്കാം പങ്കുവെക്കലിന്റെ ആശ്വാസം തേടാതിരിക്കാൻ ഗീതയെ പ്രേരി പ്പിച്ചത്. അതോ ഏത് സങ്കടക്കടലും തനിയെ നീന്തിക്കയറാൻ മാത്രമുള്ള ധൈര്യമോ? ആ മനോഗതങ്ങൾ അറിയാതെ പോയതിൽ ഇപ്പോഴും സങ്കടം മാത്രം ബാക്കി.

എന്താണ് ഗീത നമുക്ക് നൽകുന്ന പാഠം? ഞാനറിഞ്ഞതിനേക്കാൾ ഏറെ ആഴവും കാമ്പും ഉള്ളതായിരുന്നു ഗീത എന്ന്

സുഹൃത്തിന്റെ മനസ്സ്. കണ്ണുനീരുകളും പരാതിയും പരിഭവവുമില്ലാതെ ജീവിത ദുഃഖങ്ങളെ ഏറ്റെടുക്കാനുള്ള കരുത്ത് മനുഷ്യന് ആർജ്ജിക്കാനാകും എന്ന് ഗീത നമ്മെ പഠിപ്പിക്കുന്നു. അന്ത്യം വരെയും പോരാടാനുള്ള ആത്മബലം കരുത്താക്കിയ ഗീത നമ്മേയും ബലപ്പെടുത്തുകയാണ്, ജീവിതത്തിന്റെ പ്രതിസന്ധികളിൽ തളരാതിരിക്കുവാൻ. ചെറിയ മനുഷ്യരെങ്കിലും നമുക്കും വളർത്താനാകും ഇളകാത്തൊരുൾബലം.

ഉള്ളിൽ കനൽ എരിയുമ്പോഴും സഹോദരങ്ങൾക്ക് സമ്മാനിക്കാൻ ഹൃദയം നിറഞ്ഞ ഒരു ചിരി കാത്തുസൂക്ഷിച്ച ആ മനക്കരുത്തിനും ഹൃദയാ ർജ്ജവത്തിനും മുൻപിൽ ആദരവോടെ കൈകൾ കൂപ്പുന്നു. ഗീതേ, പ്രിയ സുഹൃത്തേ, ധീരതയോടെ ഈ ചെറു ജീവിതം ജീവിച്ചു വിജയിച്ച്, ഇപ്പോൾ വിജയശ്രീലാളിതയായി നിറഞ്ഞ ചിരിയുടെ ഓർമ്മയുമായി മുൻപിൽ നിൽക്കുമ്പോൾ ഹൃദയം നിറഞ്ഞപ്രണാമം.

ഗീതയുടെ പ്രിയപ്പെട്ട കുടുംബാംഗങ്ങളെ പ്രാർത്ഥനയോടെ ഓർക്കുന്നു. അവരുടെ ജീവിതവീഥികളിൽ ഗീതയുടെ സ്നേഹവും കരുതലും ധൈര്യവുമേകുന്ന സാന്നിധ്യം കരുത്താകട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു. ഭൂമിയിലെ ഈ ചെറു ജീവിതം മഹത്തരമാക്കാൻ ഗീതയുടെ നന്മ നിറഞ്ഞ ജീവിതസ്മരണകൾ പ്രകാശകിരണങ്ങളാണ്.

**Dr. Sr. Ritty J. Nedumpara**
Former Head
Department of Physics
Vimala College (Autonomous), Thrissur



# ഓർമകൾ മൂളുമൊരു സ്നേഹഗീതം

UAE യിലെ ഫ്ളാറ്റിലിരുന്ന് ഫേസ്ബുക്ക് പോസ്റ്റുകളിലൂടെ കണ്ണോടിയ്ക്കുമ്പോഴാണ് യുസി കോളേജ് ഗ്രൂപ്പിന്റെ ഒരു പോസ്റ്റിലെ ആ ഫോട്ടോയിൽ കണ്ണുടക്കിയത്. ആ മുഖവും ചിരിയും.... ഒരു നിമിഷം  സ്ക്രീനിൽ തോണ്ടിക്കൊണ്ടിരുന്ന വിരലുകൾ നിശ്ചലമായി. എന്നിലൂടെ കടന്നുപോയ ആ പരിചിതമുഖത്തിന് താഴെയുള്ള വരികളിലൂടെ കണ്ണോടിച്ചു. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ് ഫിസിക്സ് വിഭാഗം മേധാവിയായിരുന്ന ഡോക്ടർ കെ ഗീതയ്ക്ക് ആദരാഞ്ജലികൾ. നെഞ്ചൊന്ന് പിടഞ്ഞു. ഗീത ഈ ഭൂമിയിൽ നിന്ന് യാത്ര പറഞ്ഞെന്നോ? മുന്നിലെ അക്ഷരങ്ങൾക്ക് മങ്ങലേറ്റു. മനസിലെ ഓർമകൾക്ക് തെളിച്ചമേറി വന്നു. യൂ സി കോളേജിലെ എംഎസ് സി ഫിസിക്സ് ക്ലാസ്. നിറയെ കുട്ടികളുള്ള ഡിഗ്രി ക്ലാസുകളിൽ നിന്നും വ്യത്യസ്തമായി കുറച്ചു പേർ മാത്രമുള്ള പിജി ക്ലാസ്. ഡിഗ്രിക്ക് എന്നോടൊപ്പം യുസിയിൽ പഠിച്ച കരുണയും ശ്രീലതയും അനുവുമൊക്കെ കൂടെയുള്ള സന്തോഷത്തിൽ ഞാനിരിക്കുമ്പോൾ ചിരിച്ചുകൊണ്ട് ക്ലാസ്സിലേയ്ക്ക് കയറിവന്ന ചുരുണ്ട മുടിയും വട്ടമുഖമുള്ള ഒരു സുന്ദരിക്കുട്ടി. അതായിരുന്നു ഗീത. കോളേജ് ഹോസ്റ്റലിൽ താമസിക്കുന്നതുകൊണ്ട് ക്ലാസ് തുടങ്ങാറാവുമ്പോഴേക്കും ഹോസ്റ്റലിലെ കുട്ടികളുടെ കൂടെയാണ് ഗീത വരാറ്. മാറത്തടക്കിപ്പിടിച്ച ഫയലും ചുണ്ടിലൊരു പുഞ്ചിരിയുമായി... ഒച്ചയും ബഹളവും ഇല്ലാത്ത, എന്തെങ്കിലും പറയുമ്പോൾ കണ്ണുകൾ ചെറുതാക്കി കുലുങ്ങിച്ചിരിക്കുന്ന, പഠനത്തിൽ മിടുമിടുക്കിയായ ഗീത. കുട്ടികൾ കുറവായതുകൊണ്ട് ഞങ്ങളെല്ലാവരും എന്നും അങ്ങോട്ടുമിങ്ങോട്ടും വിശേഷങ്ങൾ പറയുകയും കളിയാക്കുകയും ചിരിക്കുകയുമൊക്കെ പതിവായിരുന്നു.

ഒരു ദിവസം പതിവുപോലെ ഞങ്ങൾ പെൺകുട്ടികൾ വട്ടംകൂടിയിരുന്നു വിശേഷങ്ങൾ പറയുമ്പോൾ പാചകം എന്ന ടോപ്പിക്ക് ഞങ്ങൾക്കിടയിലേക്ക് കയറി വന്നു. ഓരോരുത്തരും അവരവരുടെ പാചകനൈപുണ്യത്തെക്കുറിച്ച് സംസാരിക്കുന്ന സമയത്ത് 'എനിക്ക് ആകെ മൊളോഷ്യം മാത്രമേ ഉണ്ടാക്കാൻ അറിയൂ.' എന്ന് പറഞ്ഞ് ഗീത ചിരിച്ചു. അതുകേട്ട് ഞാൻ ഗീതയെ കണ്ണ് മിഴിച്ചു നോക്കി. അത്യാവശ്യം പാചകപരിപാടികളൊക്കെ അറിയാവുന്ന എനിക്ക്



ഈ മോളോഷ്യം ഉണ്ടാക്കാൻ അറിയില്ലായിരുന്നു. എന്റെ വീട്ടിൽ ഇങ്ങനെ ഒരു സംഭവം പതിവില്ല. പിന്നീട് കല്യാണം കഴിഞ്ഞ് ഭർത്തൃഗൃഹത്തിൽ ചെന്നപ്പോൾ അമ്മായിയമ്മ ഉണ്ടാക്കിയപ്പോഴാണ് ഞാൻ ഈ മോളോഷ്യം അഥവാ മോളകോഷ്യം എന്ന സംഭവം കഴിക്കുന്നത്. ഇത്ര എളുപ്പമായിരുന്നോ ഇതുണ്ടാക്കാൻ എന്ന് ചിന്തിക്കുമ്പോഴാണ് അന്ന് ഗീതയുടെ മുഖത്തുണ്ടായിരുന്ന കള്ളച്ചിരി എന്തിനായിരുന്നു എന്ന് എനിക്ക് മനസ്സിലായത്. അന്നും ഇന്നും മൊളകോഷ്യം എന്ന് കേൾക്കുമ്പോൾ ഗീതയുടെ മുഖം എന്നിലേയ്ക്ക് എത്താറുണ്ട്. ചില പേരുകളും സ്ഥലങ്ങളും രുചിയും ഗന്ധവും ഒക്കെ നമ്മിൽ ചിലരുടെ ഓർമ്മകളുടെ ബാക്കിപത്രങ്ങൾ ആകാറുണ്ടല്ലോ. ഫൈനൽ ഇയർ ക്ലാസിൽ എല്ലാവരും സെമിനാറുകൾ നടത്തുമ്പോൾ ഗീതയുടെ ക്ലാസ് കഴിഞ്ഞു ഗീതാ മിസ്സ് പറഞ്ഞ വാക്കുകൾ ഇന്നും എനിക്കോർമ്മയുണ്ട് ഒരു താരാട്ട് പാട്ട് പോലെ... കേട്ടിരുന്നു പോകും. അന്നെനിക്ക് തോന്നിയിരുന്നു ഭാവിയിൽ  ഗീത അധ്യാപികയിലേക്ക് തന്നെ എത്തുമെന്ന്. ഫിസിക്സിന്റെ തത്ത്വങ്ങൾ ഒരു താരാട്ട് പോലെ കുട്ടികളിലേക്ക് എത്തിക്കുന്ന നല്ലൊരു അധ്യാപിക.

കല്യാണം കഴിഞ്ഞ് ഗൾഫ് ജീവിതത്തിന്റെ തിരക്കുകൾക്കും പ്രാരാബ്ധങ്ങൾക്കും ഇടയിൽ ഗീതയെക്കുറിച്ച് പിന്നീട് ഞാൻ ഒന്നും അറിഞ്ഞില്ല. മൊബൈലോ ആപ്പുകളോ വീട്ടിൽ ലാൻഡ് ഫോൺ പോലുമോ ഇല്ലാതിരുന്ന ആ കാലത്ത് സൗഹൃദങ്ങൾക്ക് ഇന്നത്തേതുപോലെ അകലം കുറയ്ക്കാൻ എളുപ്പമായിരുന്നില്ല. പക്ഷേ... വർഷങ്ങൾക്കിപ്പുറം ഒരു ആദരാഞ്ജലി പോസ്റ്റിലൂടെ ഗീതയുടെ മുഖം വീണ്ടും എന്നിലേയ്ക്ക് എത്തുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും കരുതിയില്ല. ഇനിയും എത്രയോ വർഷങ്ങൾ ക്ലാസ്മുറികളിൽ ഒരു താരാട്ടായി കുട്ടികളിലേയ്ക്കെത്തേണ്ട നീ എന്തേ ഇത്ര പെട്ടെന്ന് യാത്ര പറഞ്ഞു പോയി.

പ്രിയപ്പെട്ട കൂട്ടുകാരീ.....

ആകാശവെണ്മയിലെ ഒരുപാട് നക്ഷത്രങ്ങൾക്കിടയിൽ കണ്ണുചിമ്മി ചിരിക്കുന്ന ഒരു നക്ഷത്രമായി മാറിയ നിനക്ക് ഈ അക്ഷരങ്ങളിലൂടെ സ്നേഹത്തിന്റെ ഒരുപിടി വാടാത്ത ഓർമ്മപ്പൂക്കൾ...

**ബിന്ദു രാജേഷ്**
Class mate of Dr. Geetha K
in UC colelge Aluva



# ഓർമ്മകൾ മരിക്കുമോ?

മരിച്ചാലും ജീവിക്കുന്ന ചിലരുണ്ട്. അവരിൽ ഒരാളാണ് എന്റെ പ്രിയ കൂട്ടുകാരി ഗീത. ഒരിക്കലും മരിക്കാത്ത ചില നറുമലരുകളുടെ വാസനകൾ എന്നിൽ നിക്ഷേപിച്ചിട്ട് നടന്നു പോയവരിൽ ഒരാൾ. ഞാനും ഗീതയുമായി പരിചയത്തിൽ ആകുന്നത് 2001 ൽ ആണ്. ഞാൻ FIP പ്രോഗ്രാമിൽ PHOTONICS ലാബിൽ ശ്രേഷ്ഠ ഗുരുവായ വി.പി.എൻ. നമ്പൂതിരി സാറിന്റെ കീഴിൽ റിസർച്ച് ചെയ്തുകൊണ്ടിരുന്നകാലം. ഗീതയുടെ തുടക്ക സമയമായിരുന്നത് കൊണ്ട് എന്നെ ഏറെ സഹായിച്ചിരുന്ന സമയങ്ങൾ ആയിരുന്നു അത്. പ്രത്യേകിച്ചും എടുത്തു പറയേണ്ടത് C++ എന്ന കമ്പ്യൂട്ടർ ലാംഗ്വേജിന്റെ ബാലപാഠങ്ങൾ എനിക്ക് ആദ്യമായി ലഭ്യമായത് ഗീതയിൽ നിന്നാണ്. ചിലപ്പോൾ ഞാൻ ഓർക്കും, ഒരു സീനിയർ അധ്യാപികയായിരുന്ന എന്നെ ബഹുമാനത്തോടെ ആത്മാർഥമായി സ്നേഹിച്ചിരുന്ന വ്യക്തിയായിരുന്നു ഗീത. ‘സൗമ്യമായി, ശാന്തമായി പെരുമാറിയ ഒരു നല്ല ഹൃദയത്തിന്ന് ഉടമ. കൃത്യനിഷ്ഠ, നിഷ്കളങ്കത, പരോപകാരം എന്നി വകളാൽ നിത്യ വസന്തം വിടർത്തിയ മുല്ലവള്ളി’ പേരുപോലെ തന്നെ അവൾ എന്നിൽ എന്നും ഒരു ‘ഗീതമായി’ തന്നെ ജീവിക്കുന്നു.

**Dr. Achamma kurian** (Rtd.)
H.O.D. Dept. of physics
Catholicate college, Pathanamthitta

# ഓർമ്മപുഷ്പം

ഊണും കഴിഞ്ഞ് സ്വീകരണ മുറിയിലേക്ക് വരാൻ കൂട്ടാക്കാതെ അവ്യക്തത യോടെ പലതും പറഞ്ഞു കുട്ടികൾ കളിക്കുന്നതു കണ്ടുകൊണ്ടിരിക്കുന്നതിനിടക്കാണ് എനിക്ക് ഇന്നലെ ഫോണിൽ വന്ന ആ മെസ്സേജ് ഓർമ്മ വന്നത്. റോസ് നിറപൂക്കൾ ക്കിടയിൽ നറുപുഞ്ചിരിയോടെ ' നിങ്ങൾക്കെന്നെ അറിയില്ലേ?' എന്നു തോന്നിക്കും പോലെ, നക്ഷത്ര തിളക്കമുള്ള കണ്ണിലെ അതിപ്രസരമുള്ള മിടുക്കി ആയ ഗീത ടീച്ചറുടെ ഓർമ്മ കുറിപ്പ് എഴുതണമെന്ന ഓർമ്മപെടുത്തൽ എന്നിൽ ഓടിയെത്തിയത്.

കഴിഞ്ഞ ഒരു വർഷവും, അല്പം മാസങ്ങളും മാത്രമേ എന്റെ കോളേജുമായുള്ള ബന്ധമെനിക്ക്. ഞാൻ കോളേജിൽ ജോയിൻ ചെയ്തു ദിവസങ്ങൾ കുറച്ചു കഴിഞ്ഞ പ്പോഴാണ് വർണ്ണ നിറമുള്ള തുണിബാഗും, തലയിൽ നൂൽതൊപ്പിയും, ചുരിദാർ ധരിച്ചു മെലിഞ്ഞ സൗമ്യ മുഖഭാവത്തോടെ ഓഫീസിലെ സഹപ്രവർത്തകനോട് എന്തോ ചോദിച്ചു സംശയം തീർക്കുന്നതായിരുന്നു എന്റെ ഓർമ്മയിലെ ഗീത ടീച്ച റുടെ ആദ്യ കൂടിക്കാഴ്ച്ച. എന്നെ സംബന്ധിച്ചിടത്തോളം പുതിയ ജോലിസ്ഥലത്തെ പരിഭ്രമത്താലോ, ടീച്ചറെ അങ്ങോട്ട് ചെന്ന് സ്വയം പരിചയപെടുത്താനോ തയ്യാറാ വാതെ അന്ന് കാഴ്ച്ചക്കാരിയായി എല്ലാം സസൂക്ഷ്മം ശ്രദ്ധിച്ചിരിക്കുകയാണുണ്ടായത്. ടീച്ചർ പോയിട്ടും എന്തോ എന്റെ മനസ്സിൽ ചില ചോദ്യങ്ങൾ അങ്ങനെ തന്നെ നിന്നു. 'എന്തുകൊണ്ട് ആയിരിക്കും തുണിതൊപ്പി വെക്കുന്നത്?' ഒരുപക്ഷെ, ചെവി യിൽ കാറ്റടിച്ചുണ്ടാകുന്ന എന്തെങ്കിലും ശരീരിക അസ്വസ്ഥതകൾ കാണുമായിരി ക്കുമെന്ന് ഞാൻ എന്റെ ചോദ്യങ്ങൾക്ക് സ്വയം ഉത്തരം കണ്ടെത്തി.

ടീച്ചറെ പിന്നീട് കാണുന്നത്, ഏതാനും ദിവസങ്ങൾക്കു ശേഷം ഓഫീസിലെ സഹപ്രവർത്തകനോട് ബാക്കി എടുക്കാവുന്ന ലീവുകളെ പറ്റി അന്വേഷിക്കുന്നത് ആയിരുന്നു. ഇതിനിടയിൽ ഓഫീസിലെ സഹപ്രവർത്തകരിൽ ഒരാൾ ടീച്ചറെ കാണിച്ചു കൊണ്ടു എനിക്ക് പരിചയപ്പെടുത്തി. 'ഇത് നമ്മുടെ ഫിസിക്സ് ഡിപ്പാർട്ട് മെന്റിലെ ഗീത ടീച്ചർ, കൂട്ടത്തിൽ എന്നെ ടീച്ചർക്ക് പരിചയപ്പെടുത്തി കൊടുക്കാനും അദ്ദേഹം മറന്നില്ല. കൂട്ടത്തിൽ ടീച്ചർ ഇന്നുമുതൽ ലീവിൽ ആണെന്ന് കൂട്ടിച്ചേർത്തു പറഞ്ഞു. ഏതാനും സെക്കന്റുകൾ മാത്രം നീണ്ടു നിന്ന പരിചയപ്പെടൽ മാത്രം. ഗീത ടീച്ചറുടെ മരണ വാർത്തയുടെ രണ്ടു ദിവസങ്ങൾക്കു മുൻപ് മാഡത്തിന്റെ മാരക അസുഖത്തിന്റെ വിവരം അറിഞ്ഞ എനിക്ക്, അന്ന് അവസാനമായി എന്നോട് യാത്ര പറഞ്ഞു പോയ ആ ടീച്ചറിൽ എനിക്ക് മാരക അസുഖത്തിന്റെയോ, മറ്റു വേവലാതി കളുടെയോ ആകുലതകൾ ഒട്ടും കണ്ടിരുന്നില്ല. ദൃഢനിശ്ചയത്തിന്റെയും, സ്നേഹ ത്തിന്റെ നിശബ്ദ ഭാവം മാത്രമായിരുന്നു ടീച്ചറിൽ എനിക്ക് കാണാൻ കഴിഞ്ഞത്. ജീവിതത്തിന്റെ അവസാന നാളുകൾ തൊട്ടടുത്താണെന്നറിഞ്ഞിട്ടും സാധാരണ മനു ഷ്യന്റെ ആകുലതകളോ, നിരാശയോ, തളർച്ചയോ, വേദനയോ ആരെയും അറിയി ക്കാതെ തന്റെ വിദ്യാർത്ഥികൾക്ക് വിദ്യയുടെ ഊഷ്മള പരിവേഷം പകർന്നു കൊടുക്കു വാനുള്ള പ്രകാശമാണ് എനിക്കന്നു ടീച്ചറിൽ കാണുവാൻ കഴിഞ്ഞത്.



04.11.2023 നു ശ്രീകൃഷ്ണ കോളേജിൽ ആ വാർത്ത, ഓരോ ജീവനക്കാരിലും വിദ്യാർത്ഥികളിലും കോളേജിനെ ചുറ്റിപറ്റി നിന്ന കാറ്റിനുപോലും ടീച്ചറുടെ മരണം മൗനപ്രാർത്ഥന ആയിരുന്നു. തുടർന്ന് ഫോണിൽ ഡോ. ഗീത കെ., അസിസ്റ്റന്റ് പ്രൊഫസർ, ആദരാഞ്ജലികൾ എന്നെഴുതിയ ചുവന്ന റോസാപുഷ്പങ്ങൾക്കിടയിൽ വന്ന ടീച്ചറുടെ ഫോട്ടോ കണ്ടു അത്ഭുതപ്പെട്ടു. ഞാൻ അന്ന് പരിചയപ്പെട്ട തൊപ്പിക്കാരി ടീച്ചറും, പ്രണാമം അർപ്പിച്ചു വന്ന ഫോട്ടോയും തമ്മിലുള്ള രൂപമാറ്റം എത്രയോ അന്തരം... എന്നിരുന്നാലും ഞാൻ നേരിൽ കണ്ട ടീച്ചറുടെ കണ്ണുകളിലെ അതേ ആത്മവിശ്വാസം തന്നെ ആണ് ഫോട്ടോയിലെ മാധ്യത്തിനും. കോളേജിൽ നടന്ന ഗീത ടീച്ചറുടെ അനുസ്മരണമീറ്റിങ്ങിൽ പങ്കെടുത്തപ്പോഴാണ് സ്നേഹനിധിയായ സഹപ്രവർത്തക, കഴിവുറ്റ അധ്യാപിക, കൂടാതെ പഠിച്ച കാലഘട്ടത്തിൽ റാങ്ക് ഹോൾഡർ, രണ്ടു കുട്ടികളുടെ അമ്മയും, ആണെന്ന് തുടങ്ങി കുറെ അധികം അധ്യാപകരുടെ കണ്ണീർ വാക്കുകൾ ആയിരുന്നു. ഒരുപാട് ശിക്ഷ്യസമ്പത്തുള്ള പ്രിയപ്പെട്ട ടീച്ചർ എന്നും ശ്രീകൃഷ്ണക്ക് നഷ്ടം ആണെങ്കിലും, പരേതാത്മാവിന് നിത്യശാന്തിക്കായ് ഓർമ്മപ്പൂക്കൾ അർപ്പിക്കുന്നു...

**പ്രിയ ടി.പി.**
കമ്പ്യൂട്ടർ അസിസ്റ്റന്റ്
ശ്രീകൃഷ്ണ കോളേജ്

നവംബർ 2021 ൽ ശ്രീ കൃഷ്ണ കോളേജിന്റെ ഭാഗമായതു മുതൽ കണ്ടു പരിചിതമായ ഒരു മുഖം ആണ് ഗീത ടീച്ചറുടേത്. മറ്റുള്ള വ്യക്തികളിൽ നിന്നും തികച്ചും വേറിട്ടു നിന്നിരുന്ന ഒരു സ്വഭാവത്തിന്റെ ഉടമയായിട്ടാണ് ഗീത ടീച്ചറെ ഞാൻ കണ്ടിരുന്നത്. പലപ്പോഴും ഒരു ചെറു പുഞ്ചിരിയിൽ ഒതുങ്ങി നിന്നിരുന്ന കൂടിക്കാഴ്ചകൾ, പിന്നീട് സൗഹൃദ സംഭാഷണങ്ങളിലേക്ക് വഴിമാറിയത് ഞാൻ ഇന്നും ഓർക്കുന്നു. സംഭാഷണത്തിലെ മിതത്വവും, കുലീനതയും ടീച്ചറുടെ സവിശേഷതകളാണ്. ഒട്ടും ആലങ്കാരികതയോ, അതിശയോക്തിയോ കൂടാതെ കാര്യങ്ങളെ ശരിയായ രീതിയിൽ അവതരിപ്പിക്കാനുള്ള ടീച്ചറുടെ കഴിവ് പല മീറ്റിംഗുകളിൽ നിന്നും ഞാൻ മനസിലാക്കിയതാണ്. ജീവിതം ഒട്ടേറെ പരീക്ഷണഘട്ടത്തിലൂടെ കടന്നു പോയപ്പോഴും സധൈര്യം അതിനെ മറികടക്കുവാൻ ശ്രമിച്ചത് ടീച്ചറുടെ ആത്മധൈര്യത്തെ വെളിവാക്കുന്നു. ഗീത ടീച്ചർ എന്ന് പറയുമ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞു വരുന്ന ഒരു രംഗം ഉണ്ട്. ഒരിക്കൽ ഓൺലൈൻ അറ്റൻൻസ് കമ്മിറ്റിയുടെ കൺവീനർ ആയിരിക്കുന്ന സമയത്ത് എല്ലാ ഡിപ്പാർട്മെന്റിൽ നിന്നും ടൈം ടേബിൾ ചോദിച്ചിരുന്നു. ഒരു ദിവസം അറ്റൻൻസ് രജിസ്റ്ററിൽ ഒപ്പിടാൻ പ്രിൻസിപ്പാൾ റൂമിന്റെ അടുത്ത് നിൽക്കുമ്പോൾ പെട്ടെന്ന് ഗീത ടീച്ചർ അങ്ങോട്ടു വന്നിരുന്നു. റൂമിൽ കയറി എന്നെ കണ്ടതും ടീച്ചർ ചിരിച്ചിട്ട് പറഞ്ഞു 'പ്രജിത് ടൈം ടേബിൾ പെട്ടെന്ന് തരാം ട്ടോ.. കുറച്ചു തിരക്കിലായിരുന്നു' എന്ന്. വല്ലാത്ത ശാരീരികവസ്ഥയിൽ നിൽക്കുമ്പോളും, ജോലിയോടുള്ള ടീച്ചറുടെ ആത്മാർത്ഥത പ്രശംസനീയം തന്നെയാണ്. കോളേജിനെ സംബന്ധിച്ച് ടീച്ചറുടെ വേർപാട് തീരാനഷ്ടം തന്നെയാണ്. എല്ലാ അർത്ഥത്തിലും ടീച്ചർ എന്ന് നിറവോടെ വിളിക്കാൻ പറ്റുന്ന നല്ലൊരു വ്യക്തിത്വമാണ് ഗീത ടീച്ചർ.

**ഡോ. പ്രജിത്ത് ടി.എം.**
അസി. പ്രൊഫസർ
ബോട്ടണി ഡിപ്പാർട്മെന്റ്
ശ്രീകൃഷ്ണ കോളേജ്

# കാവ്യഗീതകം

**പ്രേ**മവല്ലിയിൽ വള്ളികൾ
വാടി നിൽപ്പുണ്ടെന്നുമേ
ഗീതാഞ്ജലി തന്നിതളുകൾ
തേടുകയാണീ മുഖം

ഗോപിനാഥ സവിധമായ്
ചേർന്നുനില് പുണ്ഡീസുത
സന്ധ്യയേകും സൗമ്യമായ്
സരളാലയം ജയശ്രീലകം

ഗൗതമങ്കി രുചിച്ചതും
താരാട്ട് പാട്ടത്കേട്ടതും
മാധുര്യമമൃതായ്ലയിച്ചതും
കാണുമ മ്മയകലെയായ്

അധ്യാപനക്കരുത്തുമായ്
അടയാളമാക്കിയ സോദരി
അണിഞ്ഞ വളനാദങ്ങളെ
അറിഞ്ഞിടും ശ്രീകൃഷ്ണയിൽ

നിറഞ്ഞ പ്രാർത്ഥനയോടെ
**മുരളിധർ കൊല്ലത്ത്** (കവി)



# "പെയ്തൊഴിയാതെ"

**എ**നിക്ക് ഒരുപാട് സ്നേഹവും ഉപദേശവും തന്നിരുന്ന എന്റെ ഗീത ടീച്ചർ.

ഒരിക്കലും മറക്കാൻ കഴിയില്ല എന്റെ പ്രിയപ്പെട്ട ഫിസിക്സ് ലാബിലെ ഓർമ്മകൾ.



പ്രാക്ടിക്കൽ വേളയിൽ ഓരോ Cycle ടീച്ചർ നോട്ടീസ് ബോർഡിൽ ഇടും. അതിൽ പറഞ്ഞിരിക്കുന്ന എക്സ്പിരിമെന്റ് തയ്യാറാക്കി ഞാൻ വെയ്ക്കും. ടീച്ചർക്ക് അതിൽ വളരെ വിശ്വാസമാണ്. മണികണ്ഠനെ ഏല്പിച്ചാൽ ഒന്നും അറിയണ്ട എന്നു പറയും. കുട്ടികളുടെ പ്രാക്ടിക്കൽ വേളയിൽ അവരോട് കർക്കശമായി തന്നെ ലാബിൽ ഓരോ എക്സ്പിരിമെന്റ് ചെയ്യിക്കും. ഒരു വിട്ടുവീഴ്ചയും ഉണ്ടായിരുന്നില്ല. ഞാൻ 2008 ൽ ജോലിയിൽ പ്രവേശിച്ചു. ടീച്ചർ 2010 ലാണ് ജോലിയിൽ പ്രവേശിക്കുന്നത്. അന്നു മുതലുള്ള ബന്ധമാണ്. ലാബിൽ നിന്നും ഞാൻ പ്രമോഷൻ ആയി ക്ലാർക്കായി പി.ടി.എ.യുടെ ചാർജ്ജ് എനിക്കുവന്നപ്പോൾ ട്രഷറർ ആയി എന്റെ ഗീത ടീച്ചർ ചാർജ്ജെടുത്തു. പി.ടി.എ.യുടെ കണക്കുകൾ ഭംഗിയായി കൊണ്ടുപോകാൻ ടീച്ചറുടെ സാന്നിദ്ധ്യത്തിൽ എനിക്ക് കഴിഞ്ഞു. അത്രയും എഫിഷ്യന്റാണ് ടീച്ചർ.

ഗീത ടീച്ചർ സാധാരണ രീതിയിൽ കർക്കശ സ്വഭാവമുള്ള ആളാണ് എന്നു തോന്നുമെങ്കിലും ടീച്ചറോട് അടുത്തു കഴിഞ്ഞാൽ മനസ്സിലാകും വെറും പാവം ടീച്ചറാണെന്ന്. എനിക്ക് ഒരു സങ്കടം മാത്രമേ ഉള്ളൂ. "മണികണ്ഠാ" എന്ന് സ്നേഹത്തോടെയുള്ള ആ വിളി ഇനി ഉണ്ടാകില്ലല്ലോ എന്ന് ഓർക്കുമ്പോൾ മനസ്സു വിങ്ങുന്നു. മറക്കില്ലാ ടീച്ചറെ "പെയ്തൊഴിയാതെ" എന്നും മനസ്സിൽ ടീച്ചറുടെ മുഖം ഉണ്ടാകും. മറക്കില്ല ഒരിക്കലും.

**മണികണ്ഠൻ എ.**
ക്ലാർക്ക്
ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ

# ഓർമയിൽ എന്നും...
# ഓർമയിൽ മായാതെ...

ഗീതടീച്ചറുടെ പേരിൽ ഒരു ഓർമ പുസ്തകം ഇറങ്ങുന്നു എന്നറിഞ്ഞപ്പോൾ നല്ല സന്തോഷം തോന്നി. ഒരു ഫ്രണ്ട് വിളിച്ചു ചോദിച്ചപ്പോ ആദ്യം എഴുതുന്നില്ല എന്നാണ് വിചാരിച്ചത്. പക്ഷെ അപ്പോൾ മുതൽ മനസിൽ തോന്നുന്നു എന്തെകിലും ടീച്ചറെ പറ്റി പറയണം എന്നത്... കാരണം 5 വർഷത്തെ പരിചയം എനിക്ക് ഗീത ടീച്ചറോടും ഒപ്പം കോളേജിനോടും ഉണ്ട്. ഞാൻ ഡിഗ്രിയും പിജിയും ഒക്കെ അവിടെയാണ് പഠിച്ചത്. ആരെ പോലെ ആവണം എന്നു ചോദിച്ചാൽ ഗീതടീച്ചറെ പോലെ ആവണം എന്നാഗ്രഹിച്ച ഒരു കാലഘട്ടമായിരുന്നു അത്. ഞങ്ങൾക്ക് ഡിഗ്രി ക്ലാസ്സിലെ വിഷയമായ ഒപ്റ്റിക്സ് എടുത്ത് തന്നത് ടീച്ചറായിരുന്നു.

ടീച്ചറുടെ സബ്ജെക്ട് നോളേഡ്ജ് മറ്റാർക്കും പകരംവെക്കാൻ സാധിക്കില്ലായിരുന്നു. അത്ര അടിപൊളിയായിരുന്നു ടീച്ചറും... ടീച്ചറിന്റെ ക്ലാസും... ശ്രീകൃഷ്ണ കോളേജിലെ ഫിസിക്സ് ഡിപ്പാർട്മെന്റിലെ ബെസ്റ്റ് ടീച്ചർ ആരെന്ന് ചോദിച്ചാൽ അത് ഗീതടീച്ചറെന്നു നിസംശയം പറയാം. ഫിസിക്സ് ഡിപ്പാർട്മെന്റിന്റെ നെടുംതൂണ്.. ടീച്ചർ ഒരു സബ്ജെക്ട് expert ആയിരുന്നു. ഇത്രയും നന്നായി classes handle ചെയ്യുന്ന ആരെയും ഞാൻ എന്റെ വിദ്യാഭ്യാസകാലഘട്ടത്തിൽ കണ്ടിട്ടില്ല. പിജിക്ക് ക്ലാസിക്കൽ മെക്കാനിക്സ് ആണ് ടീച്ചർ എടുത്തുതന്ന വിഷയം. ടീച്ചറോടുള്ള ഇഷ്ടം ടീച്ചർ എടുക്കുന്ന വിഷയത്തിനോടും ഉള്ളതിനാൽ ആ വിഷയമൊക്കെ പഠിക്കാൻ നല്ല ആവേശമായിരുന്നു. അതുകൊണ്ട്തന്നെ ആ വിഷയങ്ങളിലൊക്കെ നല്ല മാർക്ക് നേടുവാനും സാധിച്ചു. എന്റെ പിജി project ഗൈഡ് ടീച്ചറായിരുന്നു. ഞങ്ങളുടെ കൂടെ പിജി ടൂർനു വന്നതും ടീച്ചറായിരുന്നു. അങ്ങനെ ഒരുപാട് നല്ല സമയങ്ങൾ ടീച്ചറുടെ കൂടെ ചെലവഴിക്കാനും സാധിച്ചിട്ടുണ്ട്. ടീച്ചറുടെ വിയോഗവാർത്ത പലരുടെയും വാട്സ്ആപ്പ് സ്റ്റാറ്റസ് കണ്ടിട്ടാണ് അറിഞ്ഞത്. അസുഖമുള്ളതിനെപറ്റി ഒന്നും അറിഞ്ഞിരുന്നില്ല. ഈ വാർത്ത കേട്ടപ്പോ ഒരു ഷോക്ക് ആണ് ഉണ്ടായത്. ഇന്നും ആ വാർത്ത ആലോചിക്കുമ്പോൾ അതെ ഞെട്ടൽ ആണ്. മനസ്സുകൊണ്ട് ഇപ്പോഴും അംഗീകരിക്കാൻ വയ്യ... ഗീത ടീച്ചറില്ലാത്ത ഫിസിക്സ് ഡിപ്പാർട്മെന്റിനെ...

ശ്രീകൃഷ്ണ കോളേജിലേക്ക് വരുമ്പോൾ Head of the physics department ന്റെ റൂമിൽ ടീച്ചർ ഇരിക്കുന്നത് കാണാനാണ് ഞാൻ ഇപ്പോഴും ആഗ്രഹിക്കുന്നത്. ടീച്ചറുടെ അഭാവം ഞങ്ങളുടെ മനസ്സിൽ വല്ലാത്ത ഒരു ശൂന്യതയാണ്. ഇനി വരുന്ന വിദ്യാർത്ഥികളോട് എനിക്ക് ഒന്നേ പറയാൻ ഉള്ളൂ... ഗീത ടീച്ചറുടെ ക്ലാസുകൾ കിട്ടാത്തത് നിങ്ങൾക്ക് ഒരു തീരാനഷ്ടം ആയിരിക്കും...

ടീച്ചറുടെ ഓർമകളിൽ,

**ശ്രീജ കെ.ജി.**

Former student

2013-2018 batch



ടീച്ചർ... എന്ന് വിളിച്ചുകൊണ്ട് അരികിലേക്കോടിയെത്തുന്ന പ്രിയപ്പെട്ട അനിയത്തിക്കുട്ടിയേയാണ് ഗീതയിലൂടെ എനിക്കോർമ്മവരുന്നത്. എപ്പോഴും പ്രസന്ന ഭാവത്തിലല്ലാതെ ഗീതയെ കണ്ടിട്ടില്ല എന്ന് തന്നെ പറയാം. നമ്മുടെ കലാലയത്തിലെ ഓപ്പൺ കോഴ്സിന്റെ സമയത്താണ് ഞാൻ ഗീതയെ കൂടുതൽ അറിയുന്നത്. അതിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ഞാനും, ഗീതയും സ്റ്റാറ്റിറ്റിക്സ് വിഭാഗത്തിലെ ശ്രീജയും ഒരുമിച്ചായിരുന്നു. ചടുലതയും ആത്മാർത്ഥതയും കോർത്തിണക്കിക്കൊണ്ട് ആരോടും പരിഭവിക്കാതെ തന്റെ കർത്തവ്യം നിർവ്വിഹിച്ചിരുന്ന ഗീതയോട് പ്രായഭേദത്തിലുപരിയായ ബഹുമാനവും ആദരവും തോന്നിയിട്ടുണ്ട്. പലപ്പോഴും കാറോടിച്ചുകൊണ്ട് കോളേജിലെത്തുന്ന എന്നെ കാണുമ്പോൾ സ്വന്തമായി ഡ്രൈവ് ചെയ്ത് കോളേജിൽ വരാനുള്ള അടങ്ങാത്ത ആഗ്രഹം ഗീത പ്രകടിപ്പിച്ചിരുന്നു. രാവിലെ മക്കളെയെല്ലാം സ്കൂളിലാക്കി കോളേജിലെത്തുന്നതിന്റെ ബദ്ധപ്പാടുകൾ അവരുടെ വാക്കുകളിൽ നിഴലിച്ചിരുന്നു. 2016 ൽ ഞാൻ കോളേജിൽ നിന്നും വിരമിച്ചതിന് ശേഷം അപൂർവ്വമായി മാത്രമാണ് പിന്നീട് അവിടേക്ക് പോയിട്ടുള്ളത്. അത്തരത്തിലുള്ള ഒരവസരത്തിൽ കോളേജിൽ വെച്ച് ഗീതയെ കാണുകയുണ്ടായി. ഡ്രൈവിങ് പഠിച്ചെന്നും, ഡ്രൈവറെ ഒഴിവാക്കി സ്വയം ഡ്രൈവ് ചെയ്താണ് കോളേജിൽ വരുന്നതെന്നും വലിയ സന്തോഷത്തോടെ പറഞ്ഞത് ഇന്നുമോർക്കുന്നു. ഫിസിക്സ് വിഭാഗത്തിലെ രാജഗോപാൽ സാറിന്റെ മരണത്തിന്റെ അവസരത്തിലാണ് ഗീതയുടെ ഭർത്താവിനെ പരിചയപ്പെടുന്നത്. അന്ന് എന്നെ വീട്ടിലാക്കാനായി ഗീത ഭർത്താവിനോടൊപ്പം വന്നിരുന്നു. പിന്നീട് ക്ഷണിച്ച അവസരത്തിലൊന്നും ഗീതക്ക് വരാനായില്ല. കോവിഡ് കാലത്തായിരുന്നു ഗീതയുടെ ഗൃഹപ്രവേശം പോകാൻ കഴിഞ്ഞില്ലെങ്കിൽ കൂടി ഗീതയെ വിളിച്ച് ആശംസിച്ചിരുന്നു. എന്റെ മകന്റെ വിവാഹത്തിന് ഗീതയെ ക്ഷണിച്ചിരുന്നു. വ്യക്തിപരമായ തിരക്കുകൾക്കിടയിൽ ഗീതക്ക് വരാൻ കഴിഞ്ഞില്ല. പിന്നീട് റിസപ്ഷനിൽ കുടുംബത്തോടൊപ്പമെത്തിയ ഗീതയുടെ ചിത്രം ഞാനിവിടെ പങ്കുവെക്കുന്നുണ്ട്. പിന്നീട് കോളേജിൽ പോകുമ്പോഴെല്ലാം ഗീത ലീവിലാണ് എന്നു മാത്രമാണ് അറിയാൻ കഴിഞ്ഞത്. ഗീത അസുഖ ബാധിതയാണെന്ന വിവരം ഞെട്ടലോടെയാണ് ഉൾക്കൊള്ളാനായത്. ഈ ചെറിയ പ്രായത്തിൽ തന്നെ ഗീതയെ നമുക്കിടയിൽ നിന്നും രംഗബോധമില്ലാത്ത കോമാളിയെ പോലെ മരണം അടർത്തിമാറ്റി എന്നല്ലാതെ മറ്റെന്ത് പറയാനാവും. ഗീതയുടെ കുടുംബത്തിനും ഞാനടക്കമുള്ള സുഹൃദ് വലയത്തിനും അവരുടെ അസാന്നിധ്യം ഇനിയും ഉൾക്കൊള്ളാനായിട്ടില്ല. ഗീതയുടെ വിയോഗം സൃഷ്ടിച്ച ദു:ഖത്തിൽ നിന്നും അവരുടെ ഭർത്താവിന് കരകയറാനാവട്ടെ. അമ്മയുടെ ആഗ്രഹം പോലെ ആ മക്കളെല്ലാവരും നല്ല നിലയിലെത്തട്ടെ... ഗീത... മറക്കില്ലൊരിക്കലും.

**ഡോ. സുധ കെ എസ്**
അസോസിയേറ്റ് പ്രൊഫസർ (റിട്ട.)
ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ

പ്രിയ സുഹൃത്ത് ഗീത....

ജീവിതം ഒരു അടയാളപ്പെടുത്തലാണ്. 2010 ഓഗസ്റ്റിൽ ടീച്ചർ ഉൾപ്പെടെ ഞങ്ങൾ 13 പേർ ശ്രീകൃഷ്ണ എന്ന കുടുംബത്തിന്റെ അംഗങ്ങളായി ഒപ്പുവെച്ചു. ഒരാളെ കണ്ടുമുട്ടുമ്പോൾ  ആ വ്യക്തിയെ ക്കുറിച്ച് നമ്മൾ ഒന്നു വിലയിരുത്തുമല്ലോ. പിന്നീട് അടുത്തിടപഴകുമ്പോൾ ആ വിലയിരുത്തൽ മാറാം, മാറാതിരിക്കാം. ഗീത ടീച്ചർ അതിൽ ഒരു മാറ്റവും ഇല്ലാതെ അവസാന നാളുകൾ വരെ സഹപ്രവർത്തിച്ചു എന്നതാണ് സത്യം. അതിൽ സൗമ്യമായ ഭാവം, മിത സംഭാഷണം, ചിട്ടയായ പ്രവർത്തന ശൈലി എന്നിവ ടീച്ചറുടെ സ്വഭാവത്തിന്റെ ഭാഗമായിരുന്നു. നല്ല അക്കാദമിക് കരുത്തോടുകൂടി കുട്ടികളുടെ പ്രിയപ്പെട്ട ടീച്ചറായി മുന്നോട്ടു പോകുമ്പോഴും, എ.കെ.പി.സി.ടി.എ. എന്ന സംഘടനയിൽ ഞാൻ യൂണിറ്റ് സെക്രട്ടറി ആയിരിക്കെ യൂണിറ്റ് പ്രസിഡണ്ട് ആയി രണ്ടു വർഷം തികഞ്ഞ  സംഘടനാ ബോധത്തോടുകൂടി ടീച്ചർ പ്രവർത്തിച്ചിരുന്നുവെന്ന് ഇവിടെ കുറിക്കാതിരിക്കാൻ കഴിയില്ല. രോഗത്തോടു മല്ലിടുമ്പോഴും, കോളേജിലെ IQAC കോഡിനേറ്റർ ചുമതലയിൽ വീഴ്ച വരുത്താതെ മുന്നോട്ടു കൊണ്ടുപോകാൻ ടീച്ചർ ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു.

പിന്നീട് ചികിത്സക്കായി അവധിയെടുത്ത ടീച്ചർ, വോയിസ് മെസേജിലൂടെയാണ് കാര്യങ്ങൾ അറിയിച്ചിരുന്നത്. എപ്പോഴും ആ സന്തോഷ് എന്ന് പറഞ്ഞ് തുടങ്ങുന്ന വാട്ട്സ്അപ്പ് സന്ദേശങ്ങൾ ഇപ്പോഴും ചെവിയിൽ വന്നു നിറയുന്നതു പോലെ...

അങ്ങനെ ചില കാൽപാടുകൾ ബാക്കി വെച്ച്  2023 നവംബർ 4 ന്  യാത്ര. പിരിഞ്ഞു പോയ പ്രിയ സുഹൃത്തിന് എന്റെ കണ്ണീർ പ്രണാമം...

**Dr. Santhosh P P**
Head of Department of Zoology
Sree Krishna College, Guruvayur

ഞാൻ വിനിത എംവി, 2010-12 കാലയളവിൽ ശ്രീകൃഷ്ണ കോളേജിൽ ഫിസിക്സ് വിഭാഗത്തിലെ വിദ്യാർത്ഥിനിയായിരുന്നു. തുടർന്ന് 2020 ൽ IIST (Indian Institute of Space science and Technology) ൽ, atomic and physics laboratory യിൽ നിന്ന് PhD പഠനം പൂർത്തിയാക്കി. ഇപ്പോൾ ഇറ്റാലിയൻ നാഷണൽ റിസർച്ച് കൗൺസിൽ സീനിയർ പോസ്റ്റ് ഡോക്ടറൽ റിസേർച്ചർ ആയി ജോലി ചെയ്ത് വരുന്നു. മാസ്റ്റർ ഡിഗ്രിക്ക് ശേഷം 34 വർഷത്തെ ഗാപിന് ശേഷമാണ് ഞാൻ IIST യിൽ PhD ക്കായി ജോയിൻ ചെയ്യുന്നത്. ഇതിനിടയിൽ മൂന്നോ നാലോ തവണ ഞാൻ ടീച്ചറുമായി കോൺടാക്ട് ചെയ്തിരുന്നു. വല്ലാത്തൊരു പ്രതിസന്ധി ഘട്ടത്തിൽ ടീച്ചർ എന്നെ വിളിച്ചത് ഞാൻ ഓർക്കുന്നു. തുടർന്നാണ് ഞാൻ ഗവേഷണ രംഗത്തേക്ക് ചുവടു വെക്കുന്നത്. എനിക്ക് IIST യിൽ പ്രവേശനം ലഭിച്ചതിൽ ടീച്ചർ ഒരുപാട് സന്തോഷിച്ചതായി എനിക്ക് തോന്നിയിരുന്നു. പുതിയ സാഹചര്യങ്ങളിലേക്ക് കടന്നുചെല്ലുമ്പോൾ ശ്രദ്ധിക്കേണ്ടതായിട്ടുള്ള കാര്യങ്ങൾ ടീച്ചർ ഓർമിപ്പിച്ചിരുന്നു. ഒപ്പം തികച്ചും വ്യത്യസ്തമായ സാഹചര്യ ങ്ങളിൽ നിന്ന് ഒരു ലാപ്ടോപ്പ് ഉം ആയി IIST യിലേക്ക് എനിക്ക് കടന്നുചെല്ലാൻ സാധിച്ചതിൽ ടീച്ചറുടെ പങ്ക് വലുതാണ്. ഇതിനെല്ലാം ഉപരി ജീവിതത്തിന്റെ പല മേഖലകളിലും വിജയം കൈവരിക്കാനുള്ള വഴികാട്ടിയായി, മാതൃകയായി, ടീച്ചർ ഒരു ചെറുപുഞ്ചിരിയോടെ ഞങ്ങളുടെ ഉള്ളിൽ നിലനിൽക്കുന്നു.

ജീവിതത്തിലെ ഏറ്റവും നല്ല സുന്ദര കാലഘട്ടം ആയിരുന്നു ആ നാളുകൾ.. 2009-2012 Royal Physics.. തിരിച്ചു കിട്ടാത്ത സൗഭാഗ്യം. സെക്കന്റ് ഇയറിൽ പഠിക്കുമ്പോഴാണ് ഗീത ടീച്ചർ.. അങ്ങനെ വിളിച്ചു പരിചയം ഇല്ല.. ഗീത മിസ്സ് അവിടെ ജോയിൻ ചെയ്യുന്നത്.. പെട്ടെന്ന് ആകർഷിക്കുന്ന ഒരു മുഖം..എപ്പോളും ഒരു പുഞ്ചിരി... ആവശ്യത്തിനു മാത്രം സംസാരിക്കുന്ന പ്രകൃതം.. അവിടെ ഡിഗ്രി, പിജി പഠിച്ച 5 വർഷകാലയാളവിൽ എനിക്ക് മിസ്സിന്റെ അത്രയ്ക്കും നന്നായി ക്ലാസ് എടുത്തു തന്ന ആരെയും അറിയില്ല.. അത്രയ്ക്ക് അടിപൊളി ആയിരുന്നു എല്ലാ ക്ലാസ്സും.. പോർഷൻ തീരാതെ വന്ന സെമസ്റ്ററുകളിൽ മിസ് ഞങ്ങളെ വീട്ടിലേക്ക് വിളിച്ചു വരുത്തി പോർഷൻ തീർത്തു തന്നിട്ടുണ്ട്.. ശ്രീകൃഷ്ണയുടെ ചരിത്രത്തിൽ തന്നെ അത് ആദ്യമായിട്ടാകും എന്നാണ് എന്റെ കാഴ്ചപ്പാട്.. മിസ്സിന്റെ മരണവാർത്ത കണ്ടപ്പോ അറിയാതെ കണ്ണു നിറഞ്ഞൊഴുകി. ഞാൻ പോലും അറിയാതെ എന്റെ ഉപബോധ മനസ് മിസ്സിനെ എത്രമാത്രം സ്നേഹിച്ചിരുന്നു... മനസ്സ് വിങ്ങിയല്ലാതെ മിസ്സിനെ കുറിച്ചു ഓർക്കാൻ വയ്യ... ഫിസിക്സ് ഡിപ്പാർട് മെന്റിന് ഒരു തീരാ നഷ്ടം ആണ് മിസ്സിന്റെ വേർപാട്... മറക്കാത്ത ഓർമ്മകൾ ആയി.. മിസ്സ് എന്നും ഞങ്ങളിൽ ജീവിക്കുന്നു.. ഒരുപാട് വേദനയോടെ അതിലുപരി സ്നേഹത്തോടെ... ഒരു സ്റ്റുഡന്റ്.

**Surya**
BSc 2009 - 2012
MSc 2012 - 2014



# ഡോ. കെ. ഗീത
## സൗഹൃദങ്ങളുടെ സൗമ്യവർഷം

സൗമ്യമായ പെരുമാറ്റം, സൗഹൃദം, ചിരിയിൽ ഒതുക്കി മരണത്തിലേക്ക് നടന്ന് നീങ്ങിയ അദ്ധ്യാപികയാണ് ഡോ. കെ. ഗീത. ആ സൗമ്യമുഖം ഇപ്പോഴും കൺമുന്നിലുണ്ട്. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ സീനിയർ സൂപ്രണ്ടായി ഞാൻ പ്രവർത്തിക്കുന്ന കാലം. പുതിയ അദ്ധ്യാപക നിയമനത്തിന്റെ ഭാഗമായി 2010 ആഗസ്റ്റ് 6 ന് ഗീത ടീച്ചർ ജോലിയിൽ പ്രവേശിക്കാൻ കോളേജിൽ വന്നു. ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ അസോസിയേറ്റ് പ്രൊഫസറായി നിയമനം. ടീച്ചർക്ക് 21 വർഷം അദ്ധ്യാപികയായി ശ്രീകൃഷ്ണ കോളേജിൽ പ്രവർത്തിക്കാനുള്ള സർവ്വീസ് ഉണ്ടായിരുന്നു. എന്നാൽ വിധി മറിച്ചായിരുന്നു. 13 വർഷത്തെ സർവ്വീസിൽ 48-ാമത്തെ വയസിൽ മരണം ടീച്ചറെ തട്ടിയെടുക്കുകയായിരുന്നു. സൗമ്യ സ്വഭാവം കാത്ത് സൂക്ഷിച്ചിരുന്ന ടീച്ചറെ ഗുരുതരമായ രോഗം കീഴ്പ്പെടുത്തികൊണ്ടിരിക്കുന്ന വിവരം സഹപ്രവർത്തകർ പോലും അറിയുന്നത് വളരെ വൈകിയാണ്. എന്നാൽ രോഗത്തിന്റെ പിടിമുറുക്കത്തിൽ നിന്ന് പുറത്ത് കടക്കാൻ സാധിക്കുമെന്ന് ടീച്ചർ കരുതിയിരിക്കാം. അതാണ് അസുഖവിവരം മറ്റുള്ളവർ അറിയാൻ വൈകിയത്. ചിരിച്ച മുഖത്തോട് മാത്രമേ ടിച്ചറെ ഞാൻ കണ്ടിട്ടുള്ളു.

കോളേജ് പ്രവർത്തി ദിനങ്ങളിൽ എല്ലാം എത്തുന്ന ഗീത ടീച്ചർ അപൂർവ്വമായി മാത്രമേ കോളേജ് ഓഫീസിൽ വരാറുള്ളൂ. വിദ്യാർത്ഥികളോട് വലിയ അടുപ്പം സൂക്ഷിച്ചിരുന്നു. എന്നാൽ പഠനകാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയും വരുത്താത്ത കർക്കശകാരിയായ നല്ല അദ്ധ്യാപിക കൂടിയായിരുന്നു ഗീത ടീച്ചർ. അകാലത്തിൽ മരണം തട്ടിയെടുത്ത ഗീത ടീച്ചറുടെ വേർപാട് ശ്രീകൃഷ്ണയ്ക്ക് മാത്രമല്ല, വ്യക്തിപരമായി എന്റേത് കൂടിയാണ്. ഗീത ടീച്ചറുടെ ദീപ്ത സ്മരണയ്ക്കുമുന്നിൽ നമസ്ക്കരിച്ചു കൊണ്ട്, കണ്ണീർ പ്രണാമമർപ്പിക്കുന്നു.

**കെ.പി. ഹേമാംബിക**
മുൻ സീനിയർ സുപ്രണ്ട്
ശ്രീകൃഷ്ണ കേളേജ് ഗുരുവായൂർ

# ഓർമ്മകളിൽ ഗീത ടീച്ചർ

വളരെ സൗമ്യമായി ചിരിക്കുന്നൊരു മുഖത്തോടെയല്ലാതെ ഗീത ടീച്ചറുടെ മുഖം ഓർക്കാൻ കഴിയില്ല. ചില വാർത്തകൾ അങ്ങനെയാണ്, അവ നമ്മെ നടുക്കുകയും സമയത്തെ നിശ്ചലമാക്കുകയും ചെയ്യും... ടീച്ചറുടെ വേർപാട് അങ്ങനെ ഒന്നായിരുന്നു. ശ്രീകൃഷ്ണയിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ ഡിഗ്രിക്ക് അഡ്മിഷൻ എടുത്ത സമയം ടീച്ചറെ ദൂരെ നിന്നേ കണ്ടിട്ടുള്ളൂ. അന്ന് കരുതിയത് മുഖത്ത് എപ്പോഴും ഒരു ഗൗരവഭാവം സൂക്ഷിക്കുന്ന ടീച്ചർ നമുക്ക് വിദ്യാർത്ഥികൾക്ക് അപ്രാപ്യമായ ഒരാളാണെന്നാണ്. ഡിഗ്രി രണ്ടാം വർഷത്തിലേക്കും മൂന്നാം വർഷത്തിലേക്കും കടന്നപ്പോഴാണ് ഞങ്ങൾക്ക് ടീച്ചർ ക്ലാസ്സെടുക്കാൻ എത്തുന്നത്. ടീച്ചറെ ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നീട് കോളേജിലെ ഏത് വരാന്തയിൽ നിന്ന് കണ്ടാലും ചെറുതായൊന്ന് ചിരിച്ചല്ലാതെ നമ്മെ കടന്നു പോവില്ല. പോകെ പോകെ ഞാൻ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ കൂടുതൽ വ്യാപൃതനാവുകയും ക്ലാസ്സിൽ കയറുന്നത് തുലോം തുച്ഛമാവുകയും ചെയ്തു. എങ്കിലും എന്നെങ്കിലും ഒന്ന് വഴി തെറ്റി ക്ലാസ്സിൽ കയറിയാൽ ഒരു മടിയും കൂടാതെ ടീച്ചർ അകത്തേക്ക് ക്ഷണിക്കും. ഫിസിക്സ് ഡിപ്പാർട്മെന്റ് ലൈബ്രറിയിലെ പുസ്തക ധാരാളിത്തത്തെ പറ്റിയും അത് ശരിക്ക് ഉപയോഗപ്പെടുത്താനും ഇടക്കിടെ ഓർമ്മിപ്പിക്കുന്ന ടീച്ചറെ ഇപ്പോഴും ഓർമ്മയുണ്ട്. ഒരിക്കൽ ക്ലാസ്സിൽ ഇരിക്കുമ്പോൾ എന്റെ ഫോൺ റിങ് ചെയ്യുകയും അത് കേട്ട് ടീച്ചർ ദേഷ്യപ്പെട്ട് ഇറങ്ങിപ്പോവുകയും ചെയ്തു. പിന്നീട് കണ്ടപ്പോൾ 'അത് സാരമില്ല, എങ്കിലും അതൊരു നല്ല പ്രവണതയല്ല' എന്നും പറഞ്ഞു ചെറുതായൊന്ന് ഉപദേശിക്കുകയും ആണ് ഉണ്ടായത്. ഞാൻ ശ്രീകൃഷ്ണയിൽ നിന്നും പോയി, CUSAT ൽ പി.ജി. ചെയ്യുന്ന സമയത്ത് ടീച്ചറെ കളമശ്ശേരി CUSAT ക്യാമ്പസിൽ വച്ച് വീണ്ടും കണ്ടുമുട്ടുകയുണ്ടായി. ഫിസിക്സ് അധ്യാപകരുടെ സംഘടനാ മീറ്റിംഗിനോ, കോൺഫറൻസിനോ മറ്റോ വന്നതായിരുന്നു. നടുറോട്ടിൽ നിന്ന് ഒരു പത്തു മിനിറ്റ് സംസാരിച്ചു കാണും. എന്റെ കുടുംബത്തിന്റെ വിശേഷങ്ങൾ അടക്കം എല്ലാം ചോദിച്ചറിഞ്ഞതിനു ശേഷം പി.ജി. ചെയ്യുന്നു എന്നറിഞ്ഞതിലുള്ള സന്തോഷവും അറിയിച്ചുകൊണ്ട് പിരിഞ്ഞു. അന്ന് ടീച്ചർ ഞാൻ പഠിക്കുന്ന ക്യാമ്പസിൽ വന്നിട്ടും, ഒരു ചായകുടിക്കാൻ ക്ഷണിക്കാൻ മറന്നുപോയതിൽ ഇന്ന് കുറ്റബോധം തോന്നുന്നു. കാരണം അതിനുശേഷം ഞാൻ പിന്നെ ടീച്ചറെ കണ്ടിട്ടില്ല...

എനിക്ക് പലപ്പോഴും തോന്നാറുള്ളത് അദ്ധ്യാപകർ എന്നാൽ ഒരു കുഴലുപോലെയാണ് എന്നാണ്. നമ്മൾ നിർത്താതെ ഓടിക്കൊണ്ടിരിക്കും, ഓരോ അദ്ധ്യാപകരിലൂടെയും. നമ്മൾ അവരെ കടന്നു പൊയ്ക്കൊണ്ടേയിരിക്കും, പക്ഷെ അവർ വരുത്തിയ മാറ്റങ്ങൾ നമ്മിൽ അവശേഷിക്കും, ഇരുൾ പരക്കുന്നു എന്ന് തോന്നുമ്പോൾ അവ ജീവിതത്തിലേക്ക് വെളിച്ചം വീശും. ഭൂമിയിൽ ഒരാളുടെ ഓർമ്മയിലെങ്കിലും നമ്മൾ മായാതെ നിൽക്കുന്ന ഒരു നാൾ വരെയെങ്കിലും, മനുഷ്യൻ മരിക്കാതിരിക്കുന്നു എന്ന് കരുതാം നമുക്ക്.

ടീച്ചറുടെ ഓർമ്മകൾക്ക് മുൻപിൽ കൂപ്പുകൈ.

**Akash P**
BSc Physics 2014-17



ഗീത, എന്റെ പ്രിയ കൂട്ടുകാരിയെ കുറിച്ച് എഴുതാൻ ആണെങ്കിൽ ധാരാളം ഉണ്ട്. പെട്ടെന്ന് ഓർമ്മയിൽ വന്നത് മാത്രം ഞാൻ ഇവിടെ കുറിക്കുന്നു. ഗീതയെ ഞാൻ ആദ്യ മായി കാണുന്നത് മഹാരാജാസ് കോളേജിലെ BSc. Physics ന് അഡ്മിഷൻ കിട്ടി ചെല്ലു മ്പോൾ ആണ്. First Year Class തുടങ്ങി ഇടക്ക് വച്ചാണ് എനിക്ക് അവിടെ admission കിട്ടിയത്. അതുകൊണ്ടുതന്നെ പരിചയമുള്ളവർ ക്ലാസിൽ കുറവായിരുന്നു. Interview സമയത്ത് പരിചയപ്പെട്ട സീമ, ബിബിൻ, സുമേഷ് എന്നിവരെയാണ് പരിചയം. അതും ഒരു ദിവസത്തെ പരിചയം. പക്ഷേ ഗീതയെക്കുറിച്ച് ഞാൻ കേട്ടിരുന്നു. എന്റെ കൂടെ സ്കൂളിൽ പഠിച്ച സിന്ധു പറഞ്ഞിരുന്നു. എനിക്ക് BSc. Physics ന് മഹാരാജാസ് കോളേജിൽ അഡ്മിഷൻ കിട്ടി എന്ന് അറിഞ്ഞപ്പോൾ സിന്ധു പറഞ്ഞു അവിടെ ഗീത ഉണ്ട്. SSLC റാങ്ക് ഹോൾഡർ ആണ്. സിന്ധുവിന്റെ കൂടെ എറണാകുളം St. Theresa's കോളേജിൽ PDC ഫസ്റ്റ് ഗ്രൂപ്പിൽ ഉണ്ടായിരുന്നു. ഗീതയെ പരിചയപ്പെടണം എന്നും സിന്ധു പറഞ്ഞി രുന്നു. ആദ്യമായി ക്ലാസ്സിൽ ചെല്ലുമ്പോൾ ആകെ 3 പെൺകുട്ടികളാണ് ഉണ്ടായിരുന്നത് (ഞാനും സീമയും കൂടാതെ) അതിൽ ഗീത ആരാണെന്ന് ചോദിച്ചപ്പോൾ ആരോ ഗീതയെ കാണിച്ചു തന്നു. ഞാൻ വലിയ കാര്യത്തിന് 'സിന്ധുവിന്റെ കൂടെ പഠിച്ചതാണല്ലേ, ഞാനും സിന്ധുവും സ്കൂളിൽ ഒരുമിച്ചായിരുന്നു...' എന്നെല്ലാം പറഞ്ഞു പരിചയപ്പെടാൻ ഒരുശ്രമം നടത്തി. ഗീത എന്നെ ഒരു നോട്ടം. സത്യത്തിൽ ഞാൻ ഒന്ന് ഞെട്ടി. ഞാൻ എന്തോ തെറ്റ് ചെയ്തിട്ട് എന്നെ നോക്കുന്ന പോലെ. ആ കണ്ണുകളുടെ തീക്ഷ്ണത ഒരിക്കലും മറക്കാ നാകില്ല. അല്പം പേടിയോടെ ഞാൻ പുറകോട്ട് മാറി. ഞാൻ അറിയാതെ തന്നെ കുറച്ചു അകൽച്ച പാലിക്കാൻ തുടങ്ങി. Rank Holder ആണ്, അതുകൊണ്ട് എന്നെപ്പോലെ ഉള്ളവരോട് കൂട്ടുകൂടാൻ മടികാണും എന്നൊരു ധാരണ ഞാൻ അറിയാതെ എന്റെ ഉള്ളിൽ ഉടലെടുത്തു എന്ന് തോന്നുന്നു. വൈകി ചേർന്നത് കൊണ്ട് Notes എഴുതാനുണ്ട് എന്ന വ്യാജേന ഞാൻ തിരക്കു ഭാവിച്ചു. പക്ഷേ ദിവസങ്ങൾ കഴിയവേ എനിക്ക് മനസ്സിലായി എന്റെ ധാരണ തെറ്റായിരുന്നു എന്ന്. Rank Holder ആണെന്നോ, പഠിപ്പിസ്റ്റ് ആണെന്നോ ഉള്ള യാതൊരു ഭാവവും ഗീതയ്ക്ക് ഇല്ലായിരുന്നു. BSc. first year കഴിയുന്നതിനു മുമ്പേ എന്റെ പ്രിയപ്പെട്ട കൂട്ടുകാരിൽ ഒരാളായി മാറി ഗീത.

മൂന്നുവർഷം പെട്ടെന്ന് കടന്നുപോയി. പരീക്ഷ കഴിഞ്ഞു റിസൾട്ട് വന്നു. HOD ആയിരുന്ന ടീച്ചർ ഗീതയ്ക്ക് ഫസ്റ്റ് റാങ്ക് പ്രതീക്ഷിച്ചിരുന്നു എന്ന് പറഞ്ഞു. പിന്നെ ടീച്ചർ ഒരു കാര്യം കൂടെ പറഞ്ഞു, 1st കിട്ടിയ പയ്യൻ മിടുക്കനാണ്, അവന് PGക്ക് IISC (Indian Institute of Science) Bengaluru വിൽ അഡ്മിഷൻ കിട്ടി എന്നും. പക്ഷേ ടീച്ചർ പറയാത്ത ഒരു കാര്യമുണ്ടായിരുന്നു. റാങ്ക് കിട്ടിയ പയ്യൻ എന്റെ കൂടെ ട്യൂഷൻ പഠിച്ചിരുന്നതാണ്. Physics എല്ലാ Papers നും അവിടെ Tuition ഉണ്ടായിരുന്നു. ഗീത ആകട്ടെ ഒരു



ട്യൂഷനും പോകാതെ, ക്ലാസ്സിൽ ഒരിക്കൽ പോലും വരാത്ത അദ്ധ്യാപകരുടെ (എല്ലാവരും അല്ല) Papers വരെ പഠിച്ച്, 1st Rank holder നേക്കാൾ നേരിയ വ്യത്യാസത്തിൽ മാർക്ക് വാങ്ങിയത്. (First rank ഹോൾഡറുടെ കഴിവ് കുറച്ചു കാണിക്കാനോ, മഹാരാജാസ് കോളേജിലെ അധ്യാപകരെ മോശമായി ചിത്രീകരിക്കാനോ അല്ല ഞാൻ ഈ കാര്യം ഇവിടെ പറഞ്ഞത്. ഒരു പേപ്പർ തന്നെ പഠിക്കുന്നതിനെക്കുറിച്ച് എനിക്ക് ആലോചിക്കാൻ പോലും ആവില്ലായിരുന്നു) ഗീത ഒരിക്കലും റാങ്കിനുവേണ്ടി പഠിച്ചതായി എനിക്ക് തോന്നിയിട്ടില്ല. ദൈവം കൊടുത്ത ഒരു കഴിവ്. അതിൽ ഒട്ടും അഹങ്കാരം ഇല്ലായിരുന്ന ഒരു വ്യക്തി. ഗീത ഒരു പുസ്തകപ്പുഴു ആയിരുന്നില്ല. പഠിത്തത്തിൽ മാത്രമായിരുന്നില്ല ഗീത മിടുക്ക് കാണിച്ചിരുന്നത്, ഗീത നന്നായി പാടുമായിരുന്നു. മാത്രമല്ല, നല്ല ഭംഗിയായി Embroidery ചെയ്യുമായിരുന്നു. എറണാകുളം Public Library ൽ നിന്ന് Novels, Fiction, എല്ലാം വായിക്കാനും സമയം കണ്ടെത്തിയിരുന്നു. ഗീത ഒരു സാധാരണക്കാരിയെ പോലെ ജീവിച്ചപ്പോൾ, അപ്രതീക്ഷിതമായി വഴിയിൽ വെച്ചു കണ്ടപ്പോൾ സംസാരിക്കാൻ സമയമില്ല GATE exam ന് prepare ചെയ്യണം എന്ന് പറഞ്ഞ് ഓടിപ്പോയ classmates കൾ എനിക്കുണ്ട്. കായ് ഫലം ഉള്ള മരം ചാഞ്ഞിരിക്കും എന്ന ചൊല്ല് അർത്ഥവത്താക്കുന്ന വ്യക്തിത്വമായിരുന്നു ഗീതയുടേത്.

ഗീതയ്ക്ക് അസുഖം ആണെന്ന് അറിഞ്ഞതിന്റെ ഞെട്ടൽ മാറുന്നതിനു മുമ്പേ ഗീത നമ്മെ വിട്ടുപോയി. Birthday Wish ചെയ്തതിന് നന്ദി അറിയിച്ചുള്ള മെസ്സേജ് കണ്ടപ്പോൾ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല ഗീത ഇങ്ങനെ ഒരു അവസ്ഥയിൽ വേദനിച്ചിരിക്കുകയാണെന്ന്. തിരക്കുകളുടെ ഇടയിൽ ഒന്ന് വിളിക്കാനോ സംസാരിക്കാനോ സമയം കണ്ടെത്താതിരുന്നതിനെ ഓർത്തു കരയാൻ മാത്രമേ കഴിഞ്ഞുള്ളൂ.


**Binoma Alias**
Joint Commissioner, Taxpayer Services,
State GST Dept., Mini Civil Station Aluva
Binoma Churchil, Kokkadamal (H)
Thiruvamkulam, Kochi 682 305




Dr. K Geetha… our beloved Geetha teacher. She was our course coordinator for three years and taught a paper in every semester. And she taught really well, some of stuff I even now use in problem solving are the things she taught back then. More than being a really good teacher, her timely advices played very vital role in my academic trajectory. It will not be an exaggeration to say "If I had to name the most important individuals throughout my life, she would top the list." I still remember the very first interaction I had with her, it was me asking her about the college timings on our first day to make sure I will be able to go home and have lunch. Then there was someworkshop/seminar at another college about which she told us. I was not planning on going for that andI did not tell her if I was going or not. I went home and got a call from her. She was disappointed about two things: none of us were going and no one informed that. She and Manu sir talked for a while and convinced me to go attend the workshop. Earlier I used to be very concerned about missing lectures and was very reluctant to go other places on working hours. From the very first week at SKC, she always motivated us to go explore other campuses, participate in their events and get as much exposure as possible. And that push has helped me a lot. The outdoor activities we had done as a part of our course were also very fun. Even in hot sun, she used to walk with us, work with as and crack jokes just like we do among ourselves. Our batch had a really tough time during our second and third years due to covid. If we have had some ease going through those, its because of her. We had to complete the set of experiments with in weeks which were supposed to take months. She knew we did not get enough time to prepare for four semester exams which were conducted with in 6-7 months. She always used to enquire about exams and preparations. She always let us use the labs whenever we wanted and was always there to help even if it is early morning or late evenings. If somethings were not working, she will get so involved in it as if it was she who is supposed to finish the experiment and submit records (maybe more involved than we used to be). Doing common emitter amplifier along with her was one of the best lab experiences I have had.

I still remember the chat I had with her after our final project presentation.I was so certain that I am going to join any NIT I would get and not write any other etnrances. She knew I was inclined more towrds theory than experiments and suggested me to take a look at the profile of faculties at CUSAT Department of Physics. And tsrongly urged me to go and attend the CUSAT CAT etnrance exam, she also told me how badly she wanted to her masters from CUSAT. I took her advice, took a look at the facutly profiles at DOP, CUSAT and the people and their works seemed interesting. I decided to give the etnrance anyway and prepared thoroughly in the few days which were remaining. I scored just enough to get in and when I told her about it, she seemed more happy than I was. The experience I had from there were so vital in my betterment as a person and a physics student. The project and courses I did from there and the recos from the facutly were crucial in my admission to the TIFR PhD program. Strongly believe none of it would have happened if she didn't push me. Even after her passing, whenever there is something relevant, happy stuffs to share, her contact is among the first contacts I search for.

**Krishnadev V**
BSc physics 2019 -22

# ഓർമ്മയിലെ ബാല്യം

നമ്മുടെ ജീവിതത്തിലെ ഏറ്റവും മധുര സ്മരണ ഉള്ള കാലമാണ് നമ്മുടെ ബാല്യം. എന്റെ ബാല്യകാലവും അതേപോലെതന്നെ മധുരസ്മരണ ഉള്ളതാണ്.

സ്കൂൾ വെക്കേഷൻ ആകാൻ കാത്തിരിക്കുന്ന എന്റെ കുട്ടിക്കാലം. കാരണം അച്ഛന്റെ വീട്ടിൽ പോകാൻ തന്നെ. 'എന്നാണ് അമ്മയെ നമ്മൾ ഇരിങ്ങാലക്കുടയിലേക്ക് പോകുന്നത്?' എന്ന് ചോദിച്ചു ഞാൻ അമ്മയുടെ പുറകെ നടക്കുമായിരുന്നു. അച്ഛന്റെ വീട്ടിലെത്തിയാൽ പിന്നെ കളികളായി, തമാശകളായി, ദിവസങ്ങൾ എത്രയോ പെട്ടെന്ന് തീർന്നുപോയി എന്ന് തോന്നുമായിരുന്നു. അവിടെ എന്റെ ചേച്ചിമാർ, ചേട്ടന്മാർ, എല്ലാവരും കൂടിയുള്ള ഉത്സവമായിരുന്നു. കല ചേച്ചി, ഗീത ചേച്ചി, ഞാൻ. ഞങ്ങൾ ഒരു കൂട്ടായിരുന്നു. എപ്പോഴും ഞങ്ങൾ ഒരുമിച്ചായിരിക്കും.

ഗീത ചേച്ചിയെ കുറിച്ച് പറയാൻ എനിക്ക് ഏറെ കാര്യങ്ങൾ ഉണ്ട്. വളരെ ശാന്ത സ്വഭാവക്കാരിയായ, വലിയ കണ്ണുകളും, തുടുത്ത മുഖവും, നല്ല ചുരുണ്ട മുടിയും ഉള്ള സുന്ദരിക്കുട്ടിയായിരുന്നു ഗീത ചേച്ചി.

കൊച്ചു കുട്ടിക്കാലം മുതൽക്കേ ഒതുക്കവും, അച്ചടക്കവും, വിനയ സ്വഭാവമുള്ള ചേച്ചിയെ 'കണ്ടു പഠിക്കൂ' എന്ന് എന്നെ അച്ഛനമ്മമാർ എപ്പോഴും ഉപദേശിക്കാറുണ്ടായിരുന്നു. വികൃതി സ്വഭാവക്കാരിയായ എനിക്ക് അല്പം അസൂയ തോന്നിയിരുന്നു ആ സമയം.

വികൃതിയായ ഞാനും മറ്റു കുട്ടികളും തമ്മിൽ ചെറിയ രീതിയിൽ തന്നെ കളികളുടെ കാര്യത്തിൽ വഴക്കിടുമ്പോൾ വളരെ തന്മയത്വത്തോടെ, സ്നേഹത്തോടെ ശാസിച്ചു ഞങ്ങളുടെ വഴക്ക് തീർക്കാൻ ഗീത ചേച്ചി എന്നും ശ്രമിച്ചിരുന്നു.

പട്ടണത്തിലെ സ്കൂളിൽ പഠിച്ചിരുന്ന (അമ്പലമുകൾ) ഗീത ചേച്ചി ഇവിടെ വന്നാൽ സ്കൂളിലെയും, അവർ താമസിച്ചിരുന്ന ക്വാർട്ടേഴ്സിലെയും വിശേഷങ്ങൾ എല്ലാം ഒന്നൊഴിയാതെ ഞങ്ങളെ കേൾപ്പിച്ചിരുന്നു. വളരെ കൗതുകത്തോടെ ഞാൻ അതെല്ലാം കേട്ടിരിക്കും. എന്റെ ഗ്രാമത്തിലെ വിശേഷങ്ങൾ ഞാനും ചേച്ചിയോട് പങ്കുവയ്ക്കുമായിരുന്നു. വെക്കേഷന് വരുമ്പോൾ എനിക്കുള്ള ഉടുപ്പുകൾ, വള, മാല, പെൻസിൽ ബോക്സ്, ഇവയെല്ലാം സമ്മാനമായി കൊണ്ടുവരാൻ ചേച്ചി ഒരിക്കലും മറക്കാറില്ലായിരുന്നു. ഞാൻ സ്കൂളിൽ തിരിച്ചു ചെല്ലുമ്പോൾ ഇതെല്ലാമണിഞ്ഞ് എന്റെ സ്കൂളിൽ ഗമയിൽ നടന്നതൊക്കെയും ഞാൻ ഇന്നലെ കഴിഞ്ഞതുപോലെ ഓർക്കുന്നു. ചേച്ചി അന്ന് സ്കൂളിൽ പഠിച്ച പദ്യങ്ങൾ, പാട്ടുകൾ, ഡാൻസ് ഇവയെല്ലാം ഞങ്ങളെ പഠിപ്പിക്കുമായിരുന്നു. അതും ഞാൻ സ്കൂളിൽ എത്തിയാൽ കൂട്ടുകാരുടെ മുമ്പിൽ അവതരിപ്പിക്കും. ഒരിക്കൽ ചേച്ചി പഠിപ്പിച്ച ഒരു പദ്യം ഞാൻ സ്കൂളിൽ അവതരിപ്പിക്കുകയും, സമ്മാനം ലഭിച്ചപ്പോൾ ചേച്ചിയോട് പറയുകയും, 'വളരെ നന്നായി കേട്ടോ' എന്ന് പറഞ്ഞ് അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. ചേച്ചിയുടെ പാഠപുസ്തകങ്ങൾ പലതും അച്ഛൻ എനിക്ക് കൊണ്ടു വരാറുണ്ട്. പുത്തൻ മണം പോലും മായാതെ ചേച്ചി ഒരു വർഷം മുഴുവൻ പഠിച്ച പുസ്തകം ആണോ ഇത് എന്ന് അത്ഭുതത്തോടെ, അതിശയ ത്തോടെ ഞാൻ ചിന്തിക്കുമായിരുന്നു (ഇപ്പോഴും അതിശയം മാറിയിട്ടില്ല കേട്ടോ). അത്ര ശ്രദ്ധയായിരുന്നു പഠിക്കുന്ന പുസ്തകത്തിനും, തന്റേതായ ഏത് വസ്തുവിനും ചേച്ചി നൽകിയിട്ടുള്ളത്.

ഒരിക്കൽ ഞാൻ ചേച്ചിയുടെ കൂടെ എറണാകുളത്തേക്ക് പോയി. ഒരാഴ്ച ഞാൻ അവിടെ താമസിച്ചു. വല്യച്ഛനും, വല്യമ്മയും, ചേച്ചിയും, ചേട്ടനും, ഞാനും. ഞങ്ങൾ അവിടെ നിന്ന് സിനിമ കാണാനും,



പാർക്കിലും, ഒക്കെ പോയി. ഗ്രാമത്തിൽ ജനിച്ചു വളർന്ന എനിക്ക് ഏറെ കൗതുകകരമായിരുന്നു അവിടെ.

വലിയ അകത്തളങ്ങളും, ഉമ്മറവും, വിശാലമായ മുറ്റവും, പറമ്പും. അതായിരുന്നു അച്ഛന്റെ വീട്. അവിടെ ഞങ്ങളുടെ ഒളിച്ചുകളി വളരെ പ്രധാനപ്പെട്ട വിനോദം ആയിരുന്നു. കള്ളനും പോലീസും കളിക്കുമ്പോൾ കള്ളനെ കണ്ടുകഴിഞ്ഞാൽ ബഹളം വെച്ച് ഞങ്ങൾ ഓടും. മുതിർന്നവരുടെ ശകാരം എന്നും ഞങ്ങൾ കേട്ടാലും, അത് ഗൗനിക്കാതെ 'മഠം'ത്തിലെ മാവിൻ ചുവട്ടിൽ മാമ്പഴം പെറുക്കുന്ന തിരക്കിലായിരിക്കും. ക്യാരംസ്, കൊച്ചംകുത്തി കളി, കുട്ടിയും കോലും ഇതെല്ലാം ഞങ്ങൾക്ക് പ്രിയപ്പെട്ട വിനോദങ്ങൾ ആയിരുന്നു.

ഗീത ചേച്ചിക്ക് കുളം പേടിയാണ്. വീട്ടിലെ കുളത്തിൽ ഇറങ്ങാൻ പേടിയാണ്. പക്ഷേ അവിടെ ഞാൻ നീന്തി കാണിച്ച് പത്രാസ് കാണിക്കുമായിരുന്നു. പൂമ്പാറ്റകളെയും, കുഴിയാനകളെയും, പൂച്ചക്കുട്ടിയെയും ചേച്ചിക്ക് നല്ല ഇഷ്ടമായിരുന്നു. എനിക്ക് അവയുടെ ജീവിതരീതി ചേച്ചി പറഞ്ഞു തരുമ്പോൾ 'എന്തൊരു അറിവാണ് ചേച്ചിക്ക്' എന്ന് ഞാൻ അഭിമാനത്തോടെ ഓർക്കുമായിരുന്നു.

ഞങ്ങൾ വലുതായപ്പോൾ പിന്നെ ഞങ്ങളുടെ കൊച്ചു അനുജന്മാരും അനുജത്തിമാരും കളിക്കുന്നത് കണ്ട് മതിലിനു മേൽ ഇരുന്ന് കൊച്ചുവർത്തമാനങ്ങൾ പറഞ്ഞു കുട്ടികളുടെ വഴക്ക് മെല്ലെ തീർത്ത് സമയം കളയാറുണ്ടായിരുന്നു.

പിന്നീട് വിവാഹം കഴിഞ്ഞതോടെ എല്ലാവരും അവരവരുടെ ഔദ്യോഗികത്തിരക്കിലും, കുടുംബത്തിന്റെ തിരക്കിലും പെട്ടു. എന്നാലും, എന്തു വിശേഷമുണ്ടായാലും ഞങ്ങൾ ഒത്തുകൂടുമായിരുന്നു. അവസാനമായി ചേച്ചിയെ ഞാൻ കാണുന്നതും എന്റെ കസിൻ ബ്രദറിന്റെ വിവാഹത്തിനാണ്. ഞങ്ങൾ മൂവരും അവിടെ ഒത്തുകൂടി വിശേഷങ്ങൾ പറഞ്ഞ്, ഫോട്ടോ എടുത്ത്, ഭക്ഷണം കഴിച്ചു സന്തോഷത്തോടെയാണ് പിരിഞ്ഞത്. അന്ന് ചേച്ചി പറഞ്ഞ വാക്കുകൾ എനിക്ക് ഇപ്പോഴും ഓർമ്മയിൽ വരുന്നു. 'നമ്മുടെ ശരീരത്തിന് അല്ലേ പ്രായമാകുന്നുള്ളൂ മനസ്സ് ഇപ്പോഴും ചെറിയ കുട്ടിയുടേതല്ലേ' എന്ന്. അത് കേട്ട് ഞാനും കല ചേച്ചിയും ചെറിയ ചിരിയോടെ തലകുലുക്കി.

അസുഖബാധിതയായപ്പോഴും, സ്വന്തം വേദന മറ്റുള്ളവരറിഞ്ഞ് അവരെ കൂടി വിഷമിപ്പിക്കരുത് എന്ന് സ്വയം ചിന്തിച്ചത് ആവാം, അവസാന നിമിഷങ്ങളിൽ ആണ് ഗീത ചേച്ചിയുടെ ഗുരുതരാവസ്ഥ ഞാൻ അറിയുന്നത്.

ഗീത ചേച്ചിയുടെ തിരക്കുപിടിച്ച ജീവിതത്തിൽ ഞങ്ങളുടെ വിശേഷങ്ങൾ ചേച്ചി അറിയുന്നില്ല എന്നാണ് ഞാൻ കരുതിയിരുന്നത്. പക്ഷേ പിന്നീട് ഞാൻ മറ്റുള്ളവരിൽ നിന്ന് അറിഞ്ഞു, ഞങ്ങൾ ഓരോരുത്തരുടെയും വിശേഷങ്ങൾ ചേച്ചി ചോദിക്കാറുണ്ട്, അറിയാറുണ്ട്, വേണ്ട നിർദേശങ്ങൾ പറയാറുമുണ്ട് എന്ന്.

ശാന്ത സ്വഭാവമുള്ള, പുഞ്ചിരിക്കുന്ന മുഖമുള്ള എന്റെ ഗീത ചേച്ചിയുടെ ആത്മാവ് സ്വർഗത്തിൽ ഇരുന്ന് ഞങ്ങളുടെ വിശേഷങ്ങൾ അറിയുമെന്നും, ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുമെന്നും, അനുഗ്രഹിക്കുമെന്നും എനിക്ക് ഉറപ്പുണ്ട്.

അതെ, അതുമാത്രമാണ് നമ്മുടെ ജീവിതം ഇനിയും സന്തോഷത്തോടെ മുമ്പോട്ട് പോകാൻ നമ്മെ സഹായിക്കുന്നത്.

ആത്മാവിന് നിത്യശാന്തി നൽകേണമേ,

എന്ന് പ്രാർത്ഥനയോടെ,

**അനുജത്തി മായ**

'ഗീത ടീച്ചർ... ശ്രീകൃഷ്ണ ഊർജജതന്ത്ര വിഭാഗത്തിന്റെ ഊർജ്ജവും ജീവനും.'


ഞങ്ങൾ ഊർജതന്ത്രശാസ്ത്രവിഭാഗം അധ്യാപകർക്ക് ഒരു വർഷമായി അനാഥത്വമാണ്. ഡിപ്പാർട് മെന്റിന്റെ നട്ടെല്ലും തലച്ചോറും പോലെ പ്രവർത്തിച്ച വകുപ്പധ്യക്ഷ ഒന്നുംപറയാതെ ഞങ്ങളെവിട്ട് ഇറങ്ങി പ്പോയിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ. ടീച്ചറുടെ വിയോഗം ഉണ്ടാക്കിയ ഞെട്ടലും അങ്കലാപ്പും വിവരണാതീത മാണ്. സ്വന്തം ജോലിയെ അധ്വാനത്തിലൂടെ എങ്ങനെ ആസ്വദിക്കാം എന്ന് കാണിച്ചു തന്ന മഹനീയ മാതൃകയായിരുന്നു ടീച്ചർ. അദ്ധ്യാപനത്തിന്റെ മൂല്യം സ്വന്തം പ്രവൃത്തിയിലൂടെ കാണിച്ചു തന്ന ടീച്ചർ ഒരേ സമയം കാര്യങ്ങളെ സമഗ്രവും ആഴത്തിലും വിശകലനം ചെയ്ത് ഭൗതികശാസ്ത്രവിഭാഗത്തിന്റെ മികച്ച ഭാവിക്കായി ഡിപ്പാർട്ട്മെന്റ് അധ്യക്ഷയുടെ ഭരണനിർവ്വഹണം സുതാര്യമായി നടപ്പിലാക്കി. അത് പ്രാക്ടിക്കൽ ലാബിലെ കണിശമായ ഇടപെടലിലും ഡിപ്പാർട്ട്മെന്റ് ലൈബ്രറി പ്രവർത്തനത്തിലും വിദ്യാർത്ഥികളുമായുള്ള ഇടപെടലിലും നമുക്ക് ദർശിക്കാം. Python Based Programming ക്ലാസുകളിലും പിജി ക്ലാസിക്കൽ മെക്കാനിക്സ് ക്ലാസുകളിലും ടീച്ചർ നടത്തിയ അദ്ധ്യാപന മികവ് ശ്രീകൃഷ്ണ ഫിസിക്സ് വിഭാഗത്തിന് മറ്റു കോളേജുകളിൽ പോലും പേരും പെരുമയും നൽകി.

ടീച്ചറുടെ വിയോഗം ഞങ്ങൾക്ക് എല്ലാവർക്കും ഉണ്ടാക്കിയ വ്യക്തിപരമായ ദുഃഖത്തിന് ഒരിക്കലും പരിഹാരം ഉണ്ടാവണമെന്നില്ല. നമ്മൾ പ്രതിസന്ധിയിൽ എത്തിനിൽക്കുമ്പോൾ ഒന്ന് സഹായിക്കാൻ ടീച്ചറു ണ്ടായിരുന്നു എങ്കിൽ എന്ന് ഞങ്ങളെല്ലാവരും ചിന്തിക്കുന്ന ജീവിത സന്ദർഭങ്ങൾ ഇനിയുമുണ്ടാകും. എന്നാൽ അക്കാദമിക രംഗത്ത് ടീച്ചറുടെ അകാലവിയോഗം സൃഷ്ടിച്ച വിടവും പ്രതിസന്ധിയും പരിഹരിക്കാൻ ടീച്ചറുടെ ഓർമ്മകളെ ഊർജമാക്കി ഞങ്ങൾക്കെല്ലാവർക്കും മുന്നോട്ട് പോകാതെ തരമില്ല. ടീച്ചർ വെട്ടിത്തെളിച്ച വഴി കളിലൂടെ ടീച്ചറുടെ മാതൃക പിന്തുടർന്ന് സമർപ്പിതമായ അധ്യാപന ജീവിതം തുടരുക എന്നതാണ് അത്തരം പ്രതിസന്ധികളെ മറികടക്കാനുള്ള വഴി. ഞങ്ങളിൽ അർപ്പിതമായ കടമയും അതു തന്നെ. ടീച്ചറോടുള്ള ആദരവും സ്നേഹവും അങ്ങനെയാണ് കാണിക്കേണ്ടത് എന്നും ഞങ്ങൾ വിശ്വസിക്കുന്നു ആ കടമ നിറ വേറ്റാൻ നിലക്കാത്ത ഊർജപ്രവാഹമായി ഗീത ടീച്ചർ ഞങ്ങളോടൊപ്പം ഉണ്ടാകട്ടെ...

ടീച്ചറുടെ ജീവിക്കുന്ന ഓർമ്മകൾക്ക് മുന്നിൽ ശിരസ്സുനമിച്ച് ഞങ്ങൾ ഭൗതിക ശാസ്ത്ര വിഭാഗം അധ്യാപകർ...

**വിജോയ് പി.എസ്.**
**രാജേഷ് കെ.ആർ.**
**നിഷാന്ത് ടി.**
**വിഷ്ണു ആർ.**
**മനു കെ.എം.**
**ദർശന എം.വി.**






Deepa L , Anand B., Geetha K.
L. S. S. Merit Scholarship Winners.























SREE KRISHNA COLLEGE GURUVAYUR
HAEMOPHILIA
&
OTHER BLEEDING
DISORDERS
SREE KRISHNA COLLEGE
GPS Map Camera















301



AMBALAMEDU CLUB
COCHIN DIVISION





കെ. ഗീത 12—ാം റാങ്ക്
അമ്പലമേട് .എച്ച് .എസ്.


കൊച്ചി സർവകലാശാലയിൽ നിന്ന. ഫോട്ടോണിക്സിൽ ഡോക്ടറേറ്റ് നേടിയ ഗീത കെ. ഇരിങ്ങാലക്കുടയിൽ കുറിച്ചിയത്ത് ഗോപിനാഥൻെറ മകളാണ്


UNION CHRISTIAN COLLEGE
ALWAYE
PRESENTED TO
Miss GEETHA K.
BY P. T. A., U. C. COLLEGE, Aluva
FOR SECURING THIRD RANK
IN M.Sc. (Physics) EXAM.
OF M. G. UNIVERSITY, APRIL 1998
COMPLEX SOCIAL FUND NPK
RAJEEVA LOCHANAN
MEMORIAL PRIZE-1991
AWARDED TO
KUM: K. GEETHA




AMBALAMEDU SCHOOL
FACT COCHIN DIVISION
CERTIFICATE OF MERIT
MINISCHOOL ON ASTRONOMY, ASTROPHYSICS AND COSMOLOGY
CERTIFICATE
CENTRAL INSTITUTE OF GENERAL KNOWLEDGE LEARNING
National Talent Search Contest
This is to Certify that
Passed the Senior National Talent Search Contest
KERALA PRIVATE SCHOOL EXAMINATION BOARD
CERTIFICATE OF MERIT
AMBALAMEDU HIGH SCHOOL FACT C. D.
CERTIFICATE OF GENERAL PROFICIENCY
REPUBLIC DAY AWARD
1992
Presented to Kumari Geetha K.
in recognition of 13th rank in State SSLC Examination
Udyogamandal,
January 26, 1992
S.M. JAIN
Chairman & Managing Director
THE FERTILISERS AND CHEMICALS TRAVANCORE LIMITED











GULMARG


















BSF
I LOVE MY INDIA
I LOVE MY INDIA

















BSF
I LOVE MY INDIA
I LOVE MY INDIA


PLEASE TAKE OFF
YOUR SHOES

